RULE 23.

23. The members shall sit in such order as the President may direct.

The rule was read and passed.

RULE 24.

24. A member desiring to make any observation on any matter before the Representative Body shall only speak when called upon to do so by the Chairman, and shall rise when he speaks except as permitted by the Chairman. If, at any time, the Chairman rises, the member shall take his seat and cease speaking.

The Rule was read and passed.

RULE 25.

25. (1) In the Rrepresentative Body, business shall be transacted in Malayalam, Tamil or English. The Chairman shall make arrangements for giving the Representative Body, whenever he thinks fit, a summary of the speech in a language other than that used by the member and such summary shall be included in the record of the proceedings of the Representative Body.

In Rule 25, sub-rule (1), delete the words "or English" so as to read as follows:

MR. K. RAMAKRISHNA PILLAI : (*Ambalapuzha I—General*): Sir, "In the Representative Body business shall be transacted in Malayalam or Tamil."

സർ, പ്രതിനിധിസഭയിൽ, ഒന്നാം ഉപവകുപ്പിലുള്ള or English എന്ന പദം എടുത്തുകളയണമെന്നുള്ളതാണ് ഈ ഭേദഗതിമൂലം ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പർന്മാരോടു ഞാൻ അപേക്ഷിക്കുന്നത്. ഈ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത് ഈ ജനപ്രതിനിധിസഭയുടെ കൃത്യോഗികഭാഷ, ഭാരതഭാഷയായ മലയാളമോ, തമിഴോ മാത്രം ആയിരിക്കണമെന്നാണ്. ഈ ജനപ്രതിനിധിസഭതന്നെ ഈ രാജ്യത്തെ ബഹുലക്ഷം ജനങ്ങളുടെ അനേകവർഷക്കാലത്തെ സമ്പ്രയത്നത്തിന്റെ സാക്ഷാൽക്കരണം മാത്രമാണ്. അനേകം അനേകം പ്രതീക്ഷകളോടുകൂടിയാണ് ഈ രാജ്യത്തെ ബഹുജനങ്ങൾ ഇപ്പോൾ കഴിയുന്നത്. ഇന്നലെവരെയുള്ള വ്യവസ്ഥകൾക്കു സമൂലപരിവർത്തനം ഉണ്ടാകും എന്ന വിചാരത്തോടുകൂടിയാണ് തിരുവിതാംകൂറിലെ ഒരറ്റംമുതൽ മറ്റൊരറ്റംവരെയുള്ള ജനങ്ങൾ കാത്തിരിക്കുന്നത്. അങ്ങനെയുള്ള ഒരു പരിവർത്തനത്തിനു വലിയ ഉത്തരവാദിത്വം വഹിക്കുന്നത് ഈ ജനപ്രതി

LIBRARY ARCHIVES Kerala Legislative Assembly

നിധിസഭ തന്നെയാകയാൽ, അതിന്റെ മാർഗ്ഗദർശിത്വം വഹിക്കേണ്ടതും ഈ സഭതന്നെയാണ്. ഏകാധിപത്യത്തിന്റെ കീഴിൽ കഴിഞ്ഞുകൂടിയ ജനങ്ങൾക്കു വേണ്ടത്ര വികസനത്തിനുള്ള സൗകര്യം ലഭിച്ചിട്ടില്ല. ഭാരതത്തിന്റെ അങ്ങേഅറ്റം മുതൽ ഇങ്ങേഅറ്റംവരെയുള്ള ജനങ്ങളുടെ ദേശീയ ഉണർച്ച, അതിന്റെ സ്ഫുരണങ്ങൾ ഇവ മഹാത്മാഗാന്ധിമൂലമാണ് ഉണ്ടായിട്ടുള്ളത്. ഈ പ്രതിനിധിസഭ ആദ്യം തുടങ്ങിയപ്പോൾതന്നെ മഹാത്മാഗാന്ധിയോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിച്ചു് അദ്ദേഹത്തിന്റെ ആദർശങ്ങൾ നടപ്പിലാക്കാൻ അക്ഷീണപരിശ്രമം ചെയ്യും എന്ന ഒരു പ്രമേയം ഇവിടെ പാസ്സാക്കിയിട്ടുണ്ട്. ദേശീയഭാഷയുടെ പുനരുദ്ധാരണവും നമ്മുടെ കർത്തവ്യത്തിൽ ഒന്നാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി, അവരുടെ അഭിലാഷമനുസരിച്ചു ദേശീയഭാഷയെ ഔദ്യോഗികഭാഷയാക്കണമെന്നതു ഏറ്റവും അത്യാവശ്യമാണ്.

MR. PONNARA G. SREEDHAR: ദേശീയഭാഷ എന്നുവച്ചാൽ, ഹിന്ദി എന്നാണൊ അർത്ഥം?

MR. K. RAMAKRISHNA PILLAI: അല്ല, ഇവിടത്തെ മാതൃഭാഷ എന്നുള്ള നിലയിൽ മലയാളത്തെയാണു ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്.

MR. PONNARA G. SREEDHAR: മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത് ഇൻഡ്യയിലെ ദേശീയഭാഷ ഹിന്ദി എന്നല്ലേ?

MR K. RAMAKRISHNA PILLAI: മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത് അവനവന്റെ മാതൃഭാഷ എന്നാണ്. എന്നുവച്ചു് ഹിന്ദിയെ വിസ്മരിച്ചിട്ടില്ല, ഞാൻ സംസ്മരിക്കുന്നത്. ഇവിടത്തെ ജനപ്രതിനിധിസഭ ഈ മഹത്തായകൃത്യം നിർവഹിക്കണമെന്നാണ് ഞാൻ ആഹ്വാനം ചെയ്യുന്നത്. ഈ സഭയിലെ അദ്ധ്യത്തെയും ഇപ്പോഴത്തെയും നടപടികൾ നോക്കിയാൽ വിദേശഭാഷയുടെ വരവുനിമിത്തം നമ്മുടെ ഭാഷയുടെ മാഹാത്മ്യം വളരെ നഷ്ടപ്പെട്ടിട്ടുണ്ടെന്നുകാണാം. ഇന്നലാവിലെ ഒരു ദേഗതി അവതരിപ്പിച്ചുകൊണ്ടു് എന്റെ മാന്യസ്നേഹിതൻ മി. ഉമയമ്മാനു ഇംഗ്ലീഷിൽ ഒരു പ്രസംഗംചെയ്തു. അതു മനസ്സിലാകുന്നില്ലാ എന്നു മി. മന്ദത്തു പത്മനാഭപിള്ള പറഞ്ഞപ്പോൾ, മി. ഉമയമ്മാനു മലയാളത്തിൽ സരസമായി പ്രസംഗിക്കുകയുണ്ടായി. ഏറ്റവും ശക്തിയായ രീതിയിൽ അദ്ദേഹം പ്രസംഗിക്കുകയും അതു് ഈ സഭയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ramakrishna Pillai]

ബഹുഭൂരിപക്ഷം ആളുകൾക്കും മനസ്സിലാകുകയും ചെയ്യും. ഇങ്ങനെ ഒരു നിയന്ത്രണം ഉണ്ടായിരുന്നുവെങ്കിൽ എന്റെ മാന്യസ്നേഹിതൻ ഇംഗ്ലീഷിൽ ഒരു പ്രസംഗംചെയ്യും ഈ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുകയില്ലായിരുന്നു.

MR. K. S. JOSEPH : മെംബർ ഈ ഭേദഗതി അയച്ചതു ദേശഭാഷയിലാണോ?

MR K. RAMAKRISHNA PILLAI : ദേശഭാഷ ഇങ്ങനെയുള്ള കാര്യങ്ങളിൽ ഉപയോഗിക്കുന്നതു താരതമ്യേന വളരെ കുറവാണ്. ഈ ഭേദഗതി അവതരിപ്പിക്കാൻ നിശ്ചയിച്ച അവസരത്തിൽ ആവശ്യമില്ലാതെ അതിന്റെ മൂലം ഇംഗ്ലീഷിൽ അയച്ചു എന്നേയുള്ളൂ. ഇവിടെ ഞാൻ തന്നെ മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലും വേറെവേറെ വായിക്കുകയാണു ചെയ്തതു്.

MR. K. A. MUHAMMED : മലയാളത്തിൽ ആയിരുന്നു എങ്കിൽ അതു വേണ്ടായിരുന്നു അല്ലേ?

MR. K. RAMAKRISHNA PILLAI : മലയാളത്തിൽ ആയിരുന്നു എങ്കിൽ സമയം ലാഭപ്പെടുത്താമായിരുന്നു. അതിനാൽ എല്ലാവരുടെയും ആഗ്രഹം അനുസരിച്ചു് നമ്മുടെ ഔദ്യോഗികഭാഷ, മാതൃഭാഷ ആക്കുകയും, നിർബ്ബന്ധമായി ഈ ഭാഷകർതന്നെ ഉപയോഗിക്കുകയും ചെയ്യേണ്ടതാണു്. ഇവിടെ എഴുതിയുണ്ടാക്കുന്ന രാജ്യഭരണഘടന ഇവിടെയുള്ള സാധാരണക്കാരനേറതാണു്. ഗാന്ധിയുഗം എന്നുവച്ചാൽ അതു സാധാരണക്കാരന്റെ യുഗം എന്നാണു്. പ്രായപൂർത്തിവോട്ടവകാശം തന്നെ സാധാരണക്കാരനേറതായി അംഗീകരിച്ചിട്ടുള്ളതാണു്. തിരുവിതാംകൂറിലെ അറുപത്തഞ്ചുലക്ഷം ജനങ്ങളിൽ ഭൂരിപക്ഷത്തിനും ശരിയായി മനസ്സിലാകുന്ന സാധാരണക്കാരന്റെ ഭാഷയിൽ നമ്മുടെ ഭരണഘടന എഴുതി ഉണ്ടാക്കിയാൽ—മാതൃഭാഷയിൽ എഴുതിയുണ്ടാക്കിയാൽ—അതു നമ്മുടെ വംശപരമ്പരകൾക്കും ഒരു മാർഗ്ഗദർശകമാകും. ഇതുകൂടി പ്രസ്താവിച്ചുകൊണ്ടു ഈ ഭേദഗതി സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

MR. MANNATHU PADMANABHA PILLAI : സർ, മി. രാമകൃഷ്ണപിള്ള അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON: ബഹു: മെമ്പർ ഇതിനെപ്പറ്റി ഒരു ഭേദഗതി അയച്ചിട്ടുള്ളതു് അവതരിപ്പിക്കുന്നുണ്ടോ?

MR. MANNATHU PADMANABHA PILLAI: ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. ഈ ഭേദഗതി പാസ്സായില്ലെങ്കിൽ എന്റെ ഭേദഗതി അവതരിപ്പിക്കുന്നതാണു്.

MR. P. T. CHACKO (*Kottayam II—General*): ഒരു വകുപ്പിനെ സംബന്ധിച്ചു് ഒരേ രീതിയിൽ ഒരേ കാര്യത്തിനു് ഒന്നിൽക്കൂടുതൽ ഭേദഗതികൾ ഉള്ളപ്പോൾ അവ എല്ലാം ഒന്നിച്ചു് ചർച്ചചെയ്യുന്നതോ?

MR. PRESIDENT: അതു് മി. മന്നത്തു പത്മനാഭപിള്ളയാണു് പറയുവാനുള്ളതു്.

MR. P. T. CHACKO: അദ്ദേഹം പറയുന്നതു് ഈ ഭേദഗതി പാസ്സായില്ലെങ്കിൽ അദ്ദേഹത്തിന്റെ ഭേദഗതി അവതരിപ്പിക്കുമെന്നാണു്.

MR. MANNATHU PADMANABHA PILLAI: 6 (3)-ാംവകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ "പ്രതിനിധിസഭയിൽ മലയാളത്തിലൊ, തമിഴിലൊ, ഇംഗ്ലീഷിലൊ സംസാരിക്കേണ്ടതാണു്" എന്നു പറയുമ്പോൾ സാധാരണക്കാക്കു തോന്നും, നമ്മുടെ മാതൃഭാഷയായ മലയാളത്തിനു് പ്രാമാണ്യംകൊടുത്തിരിക്കുന്നു; അടുത്ത മാതൃഭാഷയായ തമിഴിനും പ്രാധാന്യം കൊടുത്തിരിക്കുന്നു; പിന്നെ നിവൃത്തിയില്ലാത്തപക്ഷം വേണമല്ലോ എന്നുവച്ചു് ഇംഗ്ലീഷിനും പ്രാധാന്യം കൊടുത്തിരിക്കുന്നു എന്നു്. ഇതു കമ്മിറ്റിയുടെ കൌശലപൂർവ്വമുള്ള ഒരു പ്രയോഗമാണു്. ഇതിന്റെ അർത്ഥം മൂന്നു ഭാഷയിലും ഒന്നുപോലെ, രണ്ടുപോലെ, സംസാരിക്കാമെന്നാണു്. അങ്ങനെ മലയാളത്തിലൊ, തമിഴിലൊ, ഇംഗ്ലീഷിലൊ സംസാരിക്കാം എന്ന ഉപവകുപ്പുപോലെ തീരുമാനിച്ചാൽ ഉണ്ടാകുന്ന ഫലം എന്താണെന്നു് ഇന്നലേയും ഇന്നുമായി ഇവിടെ നടന്ന യോഗനടപടികൾ തെളിയിച്ചിട്ടുണ്ടു്. ഒന്നാമതായി മലയാളവും പിന്നെ തമിഴും എന്നെഴുതിയിട്ടുണ്ടെങ്കിലും ഇംഗ്ലീഷാണു് ഇവിടെ മിക്കവാറും അളുകൾ കൈയ്കാര്യകർത്തവ്യം ചെയ്യുന്നതായി കണ്ടതു്. ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യമില്ലാത്തവർപോലും ഇംഗ്ലീഷ് പദങ്ങൾ തേടിപ്പിടിച്ചു്, പ്രൌഢിക്കുവേണ്ടി പ്രയോഗിക്കുന്നതു കണ്ടാൽ സഹതാപം തോന്നും. അങ്ങനെ വിഷമിച്ചായാലും ഇംഗ്ലീഷിൽക്കൂടിയേ സംസാരിക്കുകയുള്ളു എന്ന നിർബന്ധം ചിലർക്കുള്ളതായി ഇവിടെ കണ്ടു. അതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

പോരെങ്കിലും ഇംഗ്ലീഷിനെക്കാൾ മലയാളത്തിൽ നല്ല പാണ്ഡിത്യവും പരിജ്ഞാനവും ഉള്ള ചില ബഹുമാനപ്പെട്ട മെമ്പറന്മാർ മലയാളത്തിൽ സംസാരിക്കുകയില്ലാ എന്ന നിർബന്ധമെന്നോണം ഇംഗ്ലീഷിൽ തന്നെ സംസാരിക്കുന്നതായും കണ്ടു. മാതൃഭാഷയിൽ സംസാരിക്കേണ്ടതായി വരുമ്പോൾ ചില അംഗങ്ങൾ വളരെ രസകരമായി പറയുന്നുണ്ടെങ്കിലും അതു ഞങ്ങളോട് അനുഭാവസൂചകം എന്ന മട്ടിൽ സംസാരിക്കുന്നല്ലൊ എന്നോർത്തു് ഞാൻ വ്യസനിച്ചു. മാതൃഭാഷയിൽതന്നെ സംസാരിക്കണമെന്നാണു് ഈ കമ്മിറ്റി റിപ്പോർട്ട് തയാറാക്കിയിരിക്കുന്ന ബഹുമാന്യന്മാരുടെ വിചാരമെങ്കിൽ ഇംഗ്ലീഷു എന്ന പദം എടുത്തുകളയാമായിരുന്നു. ഇംഗ്ലീഷ് എന്ന പദം നിലവിലിരിക്കുമെങ്കിൽ അതിൽക്കൂടിത്തന്നെയായിരിക്കും പോക്കു്. ഇന്നലെയും ഇന്നും ഉള്ള നടപടികൾ കേട്ടുകൊണ്ടിരുന്ന ഏതെങ്കിൽ, ഇന്നും ഇൻഡ്യ ഭരിക്കുന്നതു് ബ്രിട്ടീഷുകാർ ആണെന്നും അവരുടെ മേധാവിത്വം ഇവിടെ വിട്ടിട്ടില്ലെന്നും തോന്നിപ്പോകും. ബ്രിട്ടീഷുകാർ ഇവിടെനിന്നും പോയിരിക്കുന്നു. ദേശാഭിമാനിയായ പണ്ഡിത നെഹ്റുവിന്റെ ഗവണ്മെൻറാണു് ഇന്നു ഇൻഡ്യയെ ഭരിക്കുന്നതു് എന്നുള്ള കാര്യം നാം ഓർക്കേണ്ടതുണ്ടു്. വിദേശികളല്ല; മാതൃഭാഷാസ്നേഹികളായ നമ്മുടെ മന്ത്രിമാരാണു് ഇന്നു നമ്മുടെ രാജ്യം ഭരിക്കുന്നതു്. അതിനാൽ ഈ അസംബ്ലിയിൽ ഇംഗ്ലീഷിൽ സംസാരിക്കണമെന്നു് ആഗ്രഹിക്കുന്നതു് നിശ്ചയമായും തെറ്റായ വഴിയിൽക്കൂടിയുള്ള കാൽവെയ്പാണു്. ഇവിടെ ഇന്നു ദേശീയഭരണം വന്നിരിക്കുന്നു. അതിനാൽ ഈ അസംബ്ലിയിലെയും കോടതികളിലെയും മറ്റു കച്ചേരികളിലെയും റിക്കാർഡുകൾ മാതൃഭാഷയിൽതന്നെ രേഖപ്പെടുത്തണമെന്ന വരുത്താനുള്ള ബാധ്യതയും ഈ അസംബ്ലിക്കാണുള്ളതു്.

തമിഴ്നാട്ടിലുള്ള ബഹുമാന്യ സുഹൃത്തുക്കൾക്കുള്ള ആക്ഷേപവും എതിർപ്പും തമിഴഭാഷയെപ്പറ്റി തിരുവിതാംകൂർ ഗവണ്മെൻറു ഗൗനിക്കുന്നില്ലെന്നാണു്. അവരുമായി ആലോചിച്ചു് തമിഴിനും പ്രാമാണ്യം കൊടുത്തു തമിഴ് സ്നേഹിതന്മാക്കുവേണ്ടി തമിഴും നിർബന്ധമായി അനുവദിച്ചുകൊടുക്കുന്നതിനു് എന്തെങ്കിലും വ്യവസ്ഥ ചെയ്യണം.

ഇനി ഒന്നുകൂടി പറയേണ്ടതുണ്ടു്. മലയാളഭാഷ സംസാരിക്കാൻ തന്നെ വിഷമമാണെന്നും അതിൽ പല മാർഗ്ഗതടസ്സമുണ്ടെന്നും എഴുത്തു

LIBRARY ARCHIVES Kerala Legislative Assembly

കയ്യു നടത്താൻ വിഷമമാണെന്നും മറ്റും ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പറയുന്നതുകേട്ടു. ഞാൻ ഈ പ്രസ്താവനകളെ എതിർക്കുന്നു. മലയാളഭാഷ അത്ര മോശമാണെന്നോ ദരിദ്രമാണെന്നോ പറയുന്നതു ശരിയല്ല.

സ്കോട്ടിന്റെ നോവലുകളെപ്പോലും അതിശയിപ്പിക്കുന്ന മനോഹരങ്ങളായ നോവലുകൾ മലയാളത്തിൽ ധാരാളമുണ്ടു്. പല നല്ല ആഖ്യായികകളും കിളിപ്പാട്ടുകളും മലയാളത്തിൽ രചിച്ചിട്ടുണ്ടു്. ഇംഗ്ലീഷിനു നിർബന്ധമുള്ള പലതും വാചാ ഭംഗിയായി മലയാളത്തിൽ ഇവിടെ സംസാരിക്കുന്നതു കേട്ടു ഇതെല്ലാം മലയാളഭാഷ മോശമെന്നാണോ കാണിക്കുന്നതു്? പലവിധത്തിലും മലയാളഭാഷ മുന്നോട്ടു വന്നിട്ടുണ്ടു്. രാവിലെ ഇംഗ്ലീഷിലും ഉച്ചയ്ക്കു് മലയാളത്തിലും— ഒരു വാചകം ഇംഗ്ലീഷിലും തൊട്ടു വാചകം മലയാളത്തിലും—സംസാരിക്കുന്ന ബഹു: മെമ്പറന്മാർതന്നെ ഇംഗ്ലീഷിനെക്കാൾ ഭംഗിയായി മലയാളത്തിൽ സംസാരിക്കുന്നുണ്ടു്. അതുകൊണ്ടു് സമാനടപടികളും നിയമങ്ങളും മലയാളഭാഷയിൽ എഴുതിയാൽ ശരിയാകുമോ എന്നു് സംശയിക്കുന്നതിനു് അർത്ഥമില്ല. അതു പരിശോധിച്ചു നോക്കിയിട്ടുമില്ല. നിയമങ്ങളും ഇതുവരെ മലയാളഭാഷയിൽ ഉണ്ടാക്കിയിട്ടില്ല. പരിശോധിച്ചുനോക്കാതെ മലയാളഭാഷ അഭിപ്രായം രൂപീകരിക്കുന്നതു ശരിയല്ല. ബ്രിട്ടീഷ് അഭിമതത്തിന്റെ ഫലമായി ഇന്നു നമ്മുടെയിടയിലുള്ള ചില ആളുകൾ ചിന്തിക്കുന്നതുപോലും ഇംഗ്ലീഷ് ഭാഷയിലാണു്. മലയാളത്തിൽ എഴുതാൻ വിഷമമുണ്ടു്, എന്നു പറയുന്നതുതന്നെ അക്ഷേപമാണു്. നിയമവും സകല നടപടികളും മലയാളത്തിലും തമിഴിലും ആക്കേണ്ടതു് അത്യാവശ്യമാണു്. അതു ശരിപ്പെടുമെന്നാണു് എനിക്കു തോന്നുന്നതു്. നിയമവും കൂടി മലയാളത്തിൽ എഴുതി മുന്നോട്ടു പോയാൽ വിജയംവരും. ഇവിടെ ഇംഗ്ലീഷിലെ നിയമം മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന അലക്ഷ്യമായി ഭാഷയെപ്പറ്റി വലിയ പിടിയില്ലാത്ത ഗവണ്മെൻറുദ്യോഗസ്ഥന്മാരെക്കൊണ്ടു് തർജ്ജമ ചെയ്യിച്ചിട്ടുപോലും ഓരോ വകുപ്പുകൾ അതിന്റെ ശരിയായ അർത്ഥത്തിൽ തന്നെ പരിഭാഷപ്പെടുത്തിയിട്ടുള്ളതായി കാണാം. തിരുവിതാംകൂറിലെ "പീനൽകോഡ്" മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുണ്ടു്. അതും ശരിയായിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

അതിനാലാണ് മാതൃഭാഷക്ക് അഭിവൃദ്ധി വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയും മറും, ഭരണഘടനയുടെ നിർമ്മാണസമിതിയായ ഈ അസംബ്ലിയിലും മാതൃഭാഷതന്നെ പ്രയോഗിക്കാവു എന്ന് നിയമമുണ്ടാക്കണമെന്ന് ഞാൻ പറഞ്ഞതു്. പല ശാസ്ത്രഗ്രന്ഥങ്ങളും മറും ഇപ്പോൾ മലയാളത്തിലാക്കുകയും, അതുവഴി ഏതു കാര്യങ്ങളും മാതൃഭാഷയിൽ കൂടിപ്പിക്കാമെന്നു തെളിയിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്. എന്നാലും ഇംഗ്ലീഷ് ഭാഷയിലാണു്, ജനായത്തസിദ്ധാന്തമനുസരിച്ചു സമ്മേളിക്കുന്ന ഈ പ്രതിനിധിസഭയിലും, നിയമസഭയിലും കാര്യങ്ങൾ കൈയ്കാര്യം ചെയ്യാൻ പോകുന്നതെങ്കിൽ ഖദറും ഗാന്ധിത്തൊപ്പിയും മറുമൊക്കെക്കളഞ്ഞു് പഴയനിലയിൽ സൂട്ടും ഹാറും കോട്ടും ടൈയും ധരിച്ചു് അവർ ഇവിടെ വരേണ്ടിയിരുന്നു. അങ്ങനെ വിദേശീയത്വത്തേയും വിദേശീയ ഭാഷയായ ഇംഗ്ലീഷിനെയും തുടരണമെന്നാണു് അവരുടെ ഉദ്ദേശമെങ്കിൽ അതിൽ വ്യസനിക്കാതെ ഗത്യന്തരമില്ല. ഒരു മാതൃകാഭരണഘടന ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി വിദേശീയരേയും വിദേശീയരുടെ സകലവിധ സമ്പ്രദായങ്ങളേയും പാടെ മാററി പുതിയ പന്ഥാവിലേക്കു് നമ്മുടെ നാട്ടിനെ നയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി—നാം ഇവിടെ വന്നിരുന്നു കൊണ്ടു്, ഇനിയും പഴയ വിദേശീയഭാഷയായ ഇംഗ്ലീഷിനെത്തന്നെ നമ്മുടെ ഭരണപരമായ കാര്യങ്ങൾ കൈയ്കാര്യംചെയ്യുന്ന വിഷയത്തിൽ ആശ്രയിക്കണമെന്നു് പറയുന്നതു ലജ്ജാകരമാണു.

MR. R. V. THOMAS: നെഹ്റു, ഗാന്ധി മുതലായവർ ഇംഗ്ലീഷിൽ പ്രസംഗിച്ചിട്ടുണ്ടെന്നറിയാമോ?

MR. MANNATHU PADMANABHA PILLAI: അവർ, നിവൃത്തിയില്ലാതെ വന്ന അവസരങ്ങളിൽ അങ്ങനെ പ്രസംഗിച്ചിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്.

MR. R. V. THOMAS: ഇൻഡ്യൻ കാൺസ്റ്റിട്ടുവെൻറ് അസംബ്ലിയിലും ഇംഗ്ലീഷ് അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

MR. MANNATHU PADMANABHA PILLAI: സാധാരണ ഹിന്ദിയിലാണു് നടപടികളെന്നും അതു് അറിയാൻ വയ്യാത്തവർക്കു ഇംഗ്ലീഷിൽ സംസാരിക്കാമെന്നുള്ള വ്യവസ്ഥയുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നുണ്ടു്. എന്നാൽ ഇവിടെ മലയാളമോ തമിഴോ അറിയാൻ വയ്യാത്തവരായി ആരും തന്നെ ഇല്ല.

MR. M. GOVINDAN: മെമ്പർ പ്പിട്ടുന്നതു് ഏതു ഭാഷയിലാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. MANNATHU PADMANABHA PILLAI: അതു് ഒപ്പിട്ടന്ന ഭാഷയിൽ തന്നെ. ഒപ്പിട്ടന്നതിനു് എല്ലാവക്കും ഒരു പ്രത്യേക രീതിയിലുള്ള ഭാഷയുണ്ടു്. (ഹാളിൽ ചിരി)

MR. P. T. CHACKO: ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്ന മി. കെ. രാമകൃഷ്ണപിള്ള ഈ ഭേദഗതിതന്നെ ഇംഗ്ലീഷിലാണു് അവതരിപ്പിച്ചിട്ടുള്ളതെന്നറിയാമോ?

MR. MANNATHU PADMANABHA PILLAI: ഇംഗ്ലീഷിലായിരുന്നെങ്കിൽ തന്നെ അതൊരപരാധമല്ല. ഇന്നത്തെ നടപടി അനുസരിച്ചു് പ്രാമാണ്യത്തിനുവേണ്ടി അദ്ദേഹം അങ്ങനെ കൊടുത്തതായിരിക്കണം. ഇംഗ്ലീഷിലാണു കൊടുത്തതെങ്കിലും മലയാളത്തിൽ പറഞ്ഞതുകൊണ്ടു് അദ്ദേഹത്തിന്റെ തെറ്റു് ക്ഷന്തവ്യമാണു്.

അതിനാൽ മാതൃഭാഷക്കു് അഭിവൃദ്ധി വരുത്തണമെങ്കിൽ, മാതൃഭാഷയിലേ സംസാരിക്കാവൂ എന്നും അല്ലാതെ ഈ മൂന്നു ഭാഷയിൽ ഏതെങ്കിലും ഒന്നിൽ സംസാരിക്കാമെന്നുള്ളതു് ഭേദപ്പെടുത്തണമെന്നുമാണു് എന്റെ അഭിപ്രായം. ഇംഗ്ലീഷിലോ മലയാളത്തിലോ ആകാമെന്നു് കുറേ മുമ്പായിരുന്നെങ്കിൽ ഞാനും സമ്മതിക്കുമായിരുന്നു. എന്നാൽ ഈ സഭയുടെ ആരംഭകാലം മുതൽതന്നെ മലയാളത്തിലോ തമിഴിലോ മാത്രമേ സംസാരിക്കാവൂ എന്നും, ഗത്യന്തരമില്ലെങ്കിൽ മാത്രം ഇംഗ്ലീഷിലാകാം എന്നും നടപ്പിൽ വരുത്തിയിരുന്നു. ഇപ്പോഴും ഈ മൂന്നു ഭാഷയിലേതിലെങ്കിലും ഒന്നിലാകാമെന്നുള്ള വാദമുഖത്തോടു് യാതൊരുവിധത്തിലും യോജിക്കാൻ നിവൃത്തിയില്ല. മാത്രമല്ല ഇംഗ്ലീഷ് മാത്രമേ വശമുള്ളൂ എന്നു് ഞാൻ അടുത്തകാലംവരെ വിശ്വസിച്ചിരുന്ന ബഹുമാനപ്പെട്ട ചില മെമ്പറന്മാർ, വളരെ നല്ല മലയാളഭാഷയിൽ അശയശുദ്ധിയേയും വ്യാകരണത്തെറ്റു കൂടാതെയും സ്ഫുടമായി സംസാരിച്ചു ഞാൻ കേട്ടു. അതിനാൽ ഇതൊരു പ്രയാസമുള്ള കാര്യമല്ലാത്തതുകൊണ്ടു് നിർബന്ധമായിത്തന്നെ ഈ വ്യവസ്ഥ ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

മറ്റൊരു കാര്യം എന്നു് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള സമയകുറവുകൊണ്ടു കഴിയുന്നതും കുറച്ചു് മാതൃഭാഷയിൽതന്നെ വിദ്യാഭ്യാസം വളർത്തണമെന്നുള്ള അഭിപ്രായം, ജനകീയാഭിപ്രായം വരുത്തുന്നതിനു മുൻപുതന്നെ തഴച്ചിട്ടുണ്ടു്. അങ്ങനെ മാതൃഭാഷയിൽ കൂടിയുള്ള വിദ്യാഭ്യാസം മുമ്പോട്ടുപോകണമെങ്കിൽ ഇവിടത്തെ കൂട്ടിരിക്കുപോലും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mannathu Padmanabha Pillai]

മനസ്സിലാകത്തക്ക രീതിയിൽ, ഇവിടത്തെ നടപടികളെല്ലാം മലയാളത്തിൽതന്നെ ആയിരിക്കണമെന്നും അല്ലെങ്കിൽ ഈ പരിഷ്കാരം വെറും ഒരു നാടകംപോലെയായിത്തീരുമെന്നല്ലാതെ വിദ്യാർത്ഥികൾപോലും ശ്രദ്ധിക്കുകയില്ലെന്നുമാണ് എന്റെ അഭിപ്രായം. അതിനാൽ നിവൃത്തിയുള്ളിടത്തോളം മാതൃഭാഷ ഉപയോഗിക്കുകയും അത് കോടതികളിലും മറ്റു കച്ചേരികളിലും നിർബന്ധമായിത്തന്നെ വയ്ക്കുകയും ചെയ്യണമെന്നും, അതിന് മാതൃകയായി, രാജ്യത്തിന്റെ ഭാവിയെ സാരമായി ബാധിക്കുന്ന ഈ ഭരണഘടന മലയാളഭാഷയിൽ തന്നെ ആയിരിക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുന്നു. ഈ ഭേദഗതി നിർബന്ധമായി സ്വീകരിക്കേണ്ടതു്, അത്യാവശ്യമാണു്. അതിനനുകൂലമായ പരിതഃസ്ഥിതിയിലാണ് ഇങ്ങനെ ഒരു ജനകീയഗവണ്മെന്റു വന്നിരിക്കുന്നത്. ഗവണ്മെന്റിന്റെ ചുമതല കരം വർദ്ധിപ്പിക്കുകയും കരം പിരിക്കുകയും മാത്രമല്ല. എല്ലാ വശങ്ങളിലുംകൂടി ദേശീയാഭിമാനം വളർത്തുക, ഭാഷാഭിമാനം വളർത്തുക, എന്നു വേണ്ട അടിമത്വത്തിന്റെ അംശങ്ങളും ഉള്ളതെല്ലാം ക്രമേണ രക്തത്തിൽനിന്നും എടുത്തുകളഞ്ഞിട്ട് ഒരു സ്വതന്ത്രതിരുവിതാംകൂർ ആക്കേണ്ടതു് നമ്മുടെ ഓരോരുത്തരുടേയും കടമയാണു്. മഹാത്മാഗാന്ധി ഇന്ത്യയ്ക്കു് സ്വയംഭരണം കിട്ടുന്നതിനു് മുമ്പായിത്തന്നെ ഏതെല്ലാം രീതികളിൽകൂടിയാണു് നാം സ്വദേശാഭിമാനികളാകേണ്ടതു് എന്നു് നിർദ്ദേശിച്ചു് ഹിന്ദി ഇന്ത്യാരാജ്യം മുഴുവനും പ്രചരിപ്പിക്കുകയും, ഖദർ വസ്ത്രധാരണം നടപ്പിലാക്കുകയും ചെയ്തതും മറ്റും സ്വയംഭരണസ്ഥാപന വിഷയത്തിൽ നിസ്സാര കാര്യങ്ങളല്ല. എന്റെ മാന്യസ്നേഹിതൻ മി. മക്കോസ് ഇവിടെ നിയമം വായിച്ചതിന്റെശേഷം ചെയ്തതന്ന വ്യാഖ്യാനങ്ങളും മലയാളത്തിലാണു്; നിയമം മാത്രം ഇംഗ്ലീഷിലാണു് വായിച്ചതെന്നേയുള്ളൂ. വ്യാഖ്യാനം എല്ലാവക്കും മനസ്സിലായി എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു മലയാളഭാഷ അശക്തമല്ലെന്നു വ്യക്തമായി. ഇവിടെ എന്റെ പ്രമേയം ഞാൻ അയച്ചതു് അതുപോലെ മലയാളത്തിൽ അച്ചടിച്ചിട്ടുണ്ടു്. എന്നാൽ എന്റെ പേരു് ഇംഗ്ലീഷിലാണു് അടിച്ചിട്ടുള്ളതു്. അതുപോലും ഇംഗ്ലീഷിന്റെ അധിക്രമണം അതിക്രമിച്ചിട്ടുണ്ടു്. ഏതായാലും മാതൃഭാഷയ്ക്കു് പ്രാമാണ്യമുണ്ടാകണമെങ്കിൽ നിർബന്ധമായിത്തന്നെ ഈ ഭേദഗതി സ്വീകരിക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PANDAVATHU SANKARA PILLA : ഈ ഭേഗതിയോട്ട ഞാൻ സവ്വാത്മനാ യോജിക്കുന്നു. മലയാളഭാഷയിലും ഇവിടത്തെ മറെറാരു ദേശീയഭാഷയായ തമിഴിലും മാത്രം നടപടികൾ കൊണ്ടുപോകത്തക്ക ഒരു നിയമം അംഗീകരിക്കണമെന്നുള്ള മി. രാമകൃഷ്ണപിള്ളയുടെ ഭേഗതി ആവശ്യമായ വ്യാഖ്യാനങ്ങൾ സഹിതം സമത്ഥിച്ചിരിക്കുന്നു. ചില ചോദ്യങ്ങളിൽ നിന്ന് മനസ്സിലാകുന്നതു് ഇതിനെക്കുറിച്ചു ചില സംശയങ്ങൾ ചിലർക്കുണ്ടെന്നാണു്. ആ സംശയങ്ങൾക്കു മറുപടി പറയാമെന്നു്, ഭേഗതിയെ അനുകൂലിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ ഉദ്ദേശിക്കുന്നു. മഹാത്മാഗാന്ധി മാതൃഭാഷ അംഗീകരിക്കണമെന്നുപറഞ്ഞതു് ഹിന്ദിയെ സംബന്ധിച്ചല്ലേ എന്നു് ഒരു ചോദ്യം ഇവിടെ ഉന്നയിച്ചു. ഇന്ത്യൻ പ്രതിനിധി സഭയിലെ മെമ്പറന്മാർ അവരവരുടെ നിയോജകമണ്ഡലത്തിലെ ഭാഷതന്നെ ഉപയോഗിക്കണമെന്നു വ്യക്തമായഭാഷയിൽ മഹാത്മാഗാന്ധി നിർദ്ദേശിച്ച വസ്തുതയിലേക്കു് ഈ സംശയകാരന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. പിന്നെ ഇവിടെ വേറൊരു വാദമുഖം ചിലർ ഉന്നയിച്ചു. അതായതു് ഇൻഡ്യൻ സെൻട്രൽ അസംബ്ളിയിൽ സാധാരണയായി പറയുന്ന ഭാഷകൾ പലതല്ലേ എന്നു്. അതിനുള്ള സമാധാനം പല പ്രാവിൻസുകളിൽനിന്നുംവരുന്ന മെമ്പറന്മാർ പല ഭാഷകളാണു് കൈയ്കാര്യം ചെയ്യുകൊണ്ടിരിക്കുന്നതു്.

MR. R. V. THOMAS : പ്രാവിൻസ് എന്നുള്ളതു് ഇംഗ്ലീഷ് വാക്കല്ലേ?

MR. PANDAVATHU SANKARA PILLAI : പല ഇംഗ്ലീഷ് വാക്കുകളും മലയാളീകരിച്ചു്, സംസാരിക്കുന്നതിൽ കൊണ്ടുവന്നു്, അങ്ങനെ അതു് സാധാരണയായി വന്നിട്ടുണ്ടെന്നും, അങ്ങനെയുള്ള വാക്കുകൾ മലയാളത്തിൽ ധാരാളമാണെന്നും, അതിനാൽ അങ്ങനെ വൈദേശികമായിട്ടുള്ള ഒരു പദം ഉപയോഗിക്കുന്നതു് അക്ഷന്തവ്യമായ ഒരു കുറ്റമല്ലെന്നുമാണു് എന്റെ വിശ്വാസം. ഇവിടെ ഇംഗ്ലീഷ് ഭാഷയെ അവഹേളിക്കുക എന്നതല്ല ആവശ്യം. നേരെമറിച്ചു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം മലയാളവും തമിഴും ഭാഷകളെ പ്രോത്സാഹിപ്പിക്കുകയാണു്. വളരെക്കാലം മുമ്പു മലയാളഭാഷയിലാണു് ഇവിടത്തെ റിക്കാർഡുകളെല്ലാം സൂക്ഷിച്ചുകൊണ്ടു വന്നിരുന്നതു. എന്നാൽ കുറെക്കാലങ്ങളായി അതിനൊരു മാറ്റം വന്നു. അതിനുള്ള കാരണം കഴിഞ്ഞ എൺപതുകൊല്ലക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Pandavathu Sankara Pillai]

നമുക്കുണ്ടായിരുന്നിട്ടുള്ള ദിവാൻജിമാർ വിദേശികളായിരുന്നു എന്നും അവർ നിയമസഭയിലെ അദ്ധ്യക്ഷന്മാരായും വന്നതാണ് എന്നു് ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കണം. അങ്ങനെ വന്നിട്ടുള്ള വിദേശീയദിവാനദ്ധ്യക്ഷന്മാരെ അഭിമുഖീകരിച്ചുകൊണ്ടു നമ്മുടെ കാര്യങ്ങളും അവരെ ധരിപ്പിക്കേണ്ടിയിരുന്ന സന്ദർഭത്തിൽ വൈദേശീയ ഭാഷയായഇംഗ്ലീഷ് ഭാഷയെ ആശ്രയിക്കാതെ നിവൃത്തിയില്ലാതെ വന്നു. എന്നാൽ ഇന്നു് അങ്ങനെയല്ല. ഈ സഭാതലത്തിൽ നിന്നുകൊണ്ടു് നമ്മുടെ കാര്യങ്ങളും ശ്രദ്ധിക്കുകയും നമുക്കു് ആവശ്യമുള്ള നിർദ്ദേശങ്ങളും നൽകുകയുംചെയ്യുന്നനമുക്കെല്ലാവർക്കും അഭിമാനം കൊള്ളത്തക്കവണ്ണം നമ്മുടെ വിശ്വാസമാർജ്ജിച്ചു നമ്മുടെ നേതാവായഇന്നത്തെ അദ്ധ്യക്ഷൻ വന്നതോടുകൂടി അത്യേഹത്തിനും മറിച്ചല്ലാപേക്ഷിക്കും മനസ്സിലാകത്തക്ക സുന്ദരമായ മലയാള ഭാഷയിൽ സംസാരിക്കുക എന്നതു് ആത്മാഭിമാനമുള്ള എല്ലാവരുടെയും കർത്തവ്യമാണു്. അതെന്താണു് വൈഷമ്യമെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. മലയാളഭാഷയിൽ പദങ്ങൾക്കു കുറവുവന്നേക്കാമെന്നു് ഇവിടത്തെ ചില സ്നേഹിതന്മാർ പറഞ്ഞു. എന്നാൽ, അങ്ങനെ അഭിപ്രായപ്പെട്ട എന്റെ ബഹുമാന്യസ്നേഹിതന്മാർ ഇംഗ്ലീഷിലല്ലെങ്കിൽ സാധിക്കുകയില്ലെന്നു അഭിപ്രായപ്പെട്ട എന്റെ മാന്യസ്നേഹിതന്മാർ ഇവിടെ മലയാളത്തിലല്ലാതെ ഇംഗ്ലീഷിൽ സംസാരിച്ചതായി ഞാൻ കണ്ടില്ല. ഇറങ്ങിപ്പോകുന്നതു് എവിടെയാണെന്നാലോചിച്ചിട്ടുവേണം പോകുന്നതു് എവിടെയെന്നു ചിന്തിക്കാൻ. നാം നമ്മുടെ കുടുംബത്തിൽ നിന്നാണു് ഇറങ്ങിപ്പോകുന്നതു്. അവിടെയുള്ള അളുകൾക്കു സ്വാധീനമുള്ള പ്രധാനമായഭാഷ മാതൃഭാഷ തന്നെയാണു്. അതുതന്നെ ഇവിടെ ഉപയോഗപ്പെടുത്തണമെന്നതന്നെയാണു് ഈ ദേഭഗതികൊണ്ടു ആഗ്രഹിക്കുന്നതു്. നമ്മിൽ പലരും പലപ്പോഴും മാതൃഭാഷയെ മറക്കുന്നതായി കാണുന്നു.

MRS. DEVAKI GOPIDAS (*Kottayam I—General*) : മലയാളഭാഷയിൽ സംസാരിക്കുന്നവർക്കു് ഇംഗ്ലിഷുപദങ്ങളും പ്രയോഗിക്കണമെങ്കിൽ പ്രസിഡന്റിന്റെ അനുമതി ആവശ്യമുണ്ടോ?

MR. PANDAVATHU SANKARA PILLAI : ആവശ്യമില്ല. സാമാന്യജനങ്ങളെ സംബന്ധിക്കുന്ന സാധാരണകാര്യങ്ങളും എടുത്തുകൊണ്ടു മാതൃഭാഷയിൽ സംസാരിച്ചുകൂടാ എന്നാണു ഞാൻ ചോദിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. N. P. VARGHIS : ഈ സഭയുടെ നടപടികൾ ഇംഗ്ലീഷിൽ രേഖപ്പെടുത്തണം എന്ന മെമ്പർക്ക് അഭിപ്രായമുണ്ടോ?

MR. PANDAVATHU SANKARA PILLAI: ഇവിടത്തെ ഔദ്യോഗികഭാഷ മലയാളമോ തമിഴോ ആയിരിക്കണമെന്ന പറയുമ്പോൾ സഭാനടപടികൾ രേഖപ്പെടുത്തേണ്ടതു ഏതു ഭാഷയിലായിരിക്കേണമെന്ന് അതുകൂടി മനസ്സിലാക്കാവുന്ന ഒരു കാര്യമാണ്.

ഇനിയും എനിക്ക് ഇതു സംബന്ധിച്ച് അധികമൊന്നും പറയാനില്ല. ഇംഗ്ലീഷ നല്ലപോലെ കൈകാര്യം ചെയ്ത ഈ രാജ്യത്തെ അഭിഭാഷകവൃത്തിയിലേർപ്പെട്ടിട്ടുള്ള അതിസമർത്ഥന്മാരായ മാന്യസ്നേഹിതന്മാരാണ് ഇവിടെ വന്നിരിക്കുന്നവരിൽ അധികം പേരും. അവർ ഇതുവരെ സാധാരണയായി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നഭാഷ തന്നെ ഇവിടെയും അവരുടെ അഭിപ്രായസ്ഥാപനത്തിനായും ആശയപ്രകടനത്തിനായും പ്രയോജകീഭവിച്ചുകൊള്ളുമെന്ന അവർ ആഗ്രഹിക്കുന്നതു സ്വാഭാവികമാണ്. നാം ഒരുവലിയ അടിസ്ഥാനത്തിൽ, വലിയ തത്വത്തിൽ, ദേശീയമായ ഒരു പുതിയ രാജ്യം നിർമ്മിക്കുവാനുള്ള കർത്തവ്യത്തിൽ നിൽക്കുന്നവരാണെന്നും അതുകൊണ്ട് മാതൃഭാഷയെത്തന്നെ ഇവിടത്തെ ഔദ്യോഗികഭാഷയായും ആക്കി അംഗീകരിക്കണമെന്നുള്ള അത്യാവശ്യം ഉണ്ടെന്നും ഞാൻ പറയുമ്പോൾ അതു ഇവിടത്തെസാമാന്യജനങ്ങളുടെ അഭിലാഷം മാത്രമാണെന്ന് എനിക്കു ഉറപ്പുപറയുവാൻ കഴിയും. എന്റെ ഈ അഭിപ്രായത്തോട് ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരും അനുകൂലിക്കണമെന്ന് വളരെ വിനയപൂർവ്വം, സ്നേഹപൂർവ്വം, ആദരപൂർവ്വം അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ സർവ്വശക്തിയോടുകൂടിയും അനുകൂലിച്ചുകൊള്ളുന്നു.

MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഇതുസംബന്ധിച്ച് എന്റെ സ്നേഹിതന്മാർ പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. തിരുവിതാംകൂറിലെ പുരാതനഭാഷ തമിഴായിരുന്നു. അതുകഴിഞ്ഞുണ്ടായ മലയാളഭാഷ സംസ്കൃതവുമായി ഇടകലർന്ന് ഈ രാജ്യത്തു പ്രചരിച്ചുവന്നു. അങ്ങനെ ഇവിടത്തെ ഔദ്യോഗികഭാഷ കുറേക്കാലത്തേയ്ക്കു മലയാളമായിരുന്നു. നമ്മുടെ മാതൃഭാഷയിൽ ഔദ്യോഗികനടപടികൾ നടത്തിയിരുന്ന കാലത്തു ഇവിടെ അതുകൊണ്ട് യാതൊരു കുഴപ്പവും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Krishnan Sastri]

ഉണ്ടായിട്ടുള്ളതായി നമുക്കറിയുവാൻ കഴിഞ്ഞിട്ടില്ല. ആ പാരമ്പര്യം തുടർന്നുകൊണ്ടുപോയിരുന്നുവെങ്കിൽ ഇന്ന് ഔദ്യോഗികഭാഷമാതൃഭാഷയാക്കണമെന്നുള്ള അഭിപ്രായത്തോട് വിയോജിക്കുന്നവർക്കുപോലും ആ അഭിപ്രായം ഉണ്ടാകുമായിരുന്നില്ല എന്നാണ് എന്റെ വിശ്വാസം. അതിനാൽ മാതൃഭാഷയുടെ പ്രാധാന്യം കൊടുത്തു ഈസഭാനടപടികൾ മാതൃഭാഷയിൽ തന്നെ നടത്തേണ്ടതു് ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ്.

ഈ പ്രതിനിധിസഭയെപ്പറ്റി ജനങ്ങൾക്ക് പല പ്രതീക്ഷകളും ഉണ്ട്. ജനങ്ങളുടെ ഈ പ്രതീക്ഷകൾ നിറവേറേണ്ട ചുമതല ജനപ്രതിനിധികളായ നമുക്കും ഉണ്ട്. തിരുവിതാംകൂറിലെ സാധാരണ ജനങ്ങൾ ഇന്നിവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭാഷ മലയാളവും തമിഴുമാണ്. ആ ഭാഷയിൽ തന്നെ ഇവിടെയുള്ള നടപടികൾ നടത്തുന്നതു ഉത്തമമായിരിക്കുമെന്ന് എനിക്കു തോന്നുന്നു. മാതൃഭാഷയിൽ വേണ്ടിടത്തോളം പദങ്ങളുണ്ടാകുന്നില്ലെന്നും ചില വ്യക്തികൾ പറയുന്നുണ്ട്. അതു് അതു ശരിയാണെന്നു തോന്നുന്നില്ല. തിരുവിതാംകൂറിലെ പുരാതന റിക്കാർഡുകൾ പരിശോധിക്കുന്ന പക്ഷം സാങ്കേതികവും ശാസ്ത്രീയവുമായ കാര്യങ്ങളിൽപോലും ഉത്തമങ്ങളായപദങ്ങൾ പ്രയോഗിക്കുവാനുള്ള ശക്തി അന്നുപയോഗിച്ചുകൊണ്ടിരുന്നഭാഷയായ മലയാളത്തിനും തമിഴിനും ഉണ്ടായിരുന്നുവെന്ന് കാണുവാൻ കഴിയും. അക്കാലത്തു് ഇവിടെ ഇംഗ്ലീഷ് ഭാഷ ഉണ്ടായിരുന്നില്ല. അതിനാൽ ഇംഗ്ലീഷ് ഭാഷയുടെ സഹായം കൂടാതെ തന്നെയാണു അന്നു രാജ്യകാര്യങ്ങളും നിയമപരമായ കാര്യങ്ങളും നടത്തിപ്പോന്നിരുന്നതു്. നമ്മുടെ പുരാതനമാതൃഭാഷയിൽ ഇവിടത്തെ സഭാനടപടികൾ നടത്തിക്കൊണ്ടുപോകുന്നതിൽ യാതൊരു ദോഷവും ഞാൻ കാണുന്നില്ല. ഇന്നലേയും ഇന്നുമായി ഈ സഭയിൽ നടന്ന പ്രസംഗങ്ങളിൽ ഭൂരിഭാഗവും ഇംഗ്ലീഷിൽ ആയിരുന്നതു് ഏറ്റവും ലജ്ജാകരവും ഖേദകരവുമായിപ്പോയി എന്നു പറയാതെ നിവൃത്തിയില്ല. ഇംഗ്ലീഷിലും, മലയാളത്തിലും, തമിഴിലും എഴുതാനും പ്രസംഗിക്കാനും നല്ലവണ്ണം പരിചയവും പ്രാപ്തിയുമുള്ള ഒരു ബഹുമാനപ്പെട്ട മെമ്പർ ഇന്നലേയും ഇന്നും നടന്ന സഭാനടപടികളിൽ ഒരു അക്ഷരം പോലും മലയാളമോ തമിഴോ ഉപയോഗിച്ചു കാണുന്നില്ല. മലയാളത്തിലോ തമിഴിലോ സംസാരിക്കണമെന്ന ഒരു വ്യവസ്ഥ ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നു.

(ഹിയർ, ഹിയർ)

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON: സർ, ഒരു പായിന്റ് ആഫ് ആർഡർ. ഈ സഭയിൽവച്ച് ഒരാൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് 'ഹിയർ, ഹിയർ' എന്നു വിളിക്കാമോ?

MR. PRESIDENT: സാധാരണഘട്ടങ്ങളിൽ വിളിക്കാം, എന്നാൽ ആക്ഷേപകരമായ വിധത്തിൽ വിളിക്കാൻ പാടില്ല എന്നാണ് പാർലമെൻററി ചട്ടം.

MR. P. K. KRISHNAN SASTRI: സർ, മാതൃഭാഷയിൽസഭാനടപടികൾ കൊണ്ടുപോകുന്നപക്ഷം ഇവിടെയിരിക്കുന്ന എല്ലാവർക്കും ആ നടപടികളിൽ പൂർണ്ണമായി പങ്കുകൊള്ളുവാൻ കഴിയും. ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നവർക്കുതന്നെ മലയാളത്തിലോ തമിഴിലോ സംസാരിക്കുന്നതു കേട്ടാൽ മനസ്സിലാകാത്തവരായി ഒരു വ്യക്തിപോലും ഈ സഭയിൽ ഇല്ല. ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ വച്ചുകൊണ്ടാണല്ലോ നാം പ്രവർത്തിക്കുവാൻ പോകുന്നത്. മാതൃഭാഷയിൽ തന്നെ, അതായത് സാമാന്യജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ തന്നെ രാഷ്ട്രീയകാര്യങ്ങളും മറ്റു പൊതുക്കാര്യങ്ങളും നടത്തേണ്ടതാണെന്ന് മഹാത്മജി പറയുകയുണ്ടായി. ഹിന്ദിയേയും ഖാദിയേയും പ്രചരിപ്പിക്കുകഎന്നതാണ് ഓരോ പൗരന്റെയും പ്രഥമമായ കർത്തവ്യമെന്ന് അദ്ദേഹം ക്ഷണക്ഷണം പറയാറുണ്ടായിരുന്നു. ഇൻഡ്യയുടെ സംസ്ക്കാരത്തേയും ഇൻഡ്യൻ ജനതയുടെ അഭിലാഷത്തേയും പ്രകടിപ്പിക്കുന്ന ഭാഷയാണ് ഹിന്ദി എന്നും അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ ആദർശം വച്ചുകൊണ്ടു നോക്കുന്ന പക്ഷം തിരുവിതാംകൂറിന്റെ സംസ്ക്കാരത്തേയും അഭിലാഷത്തേയും പ്രകടിപ്പിക്കാൻ പര്യാപ്തമായ ഭാഷകൾ മലയാളവും തമിഴുമാണെന്നുള്ളതിനു തർക്കമില്ല. മലയിനാട് ആണ് മലയാളനാടായത്. ആ നാട്ടിലെ ഭാഷയാണു മലയാളം. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പുരാതനമായ ഭാഷ തമിഴ് ആകുന്നു. ആ നിലയ്ക്ക് ഈ രണ്ടു ഭാഷകളിലും തന്നെയായിരിക്കണം ഈ സഭാനടപടികൾ കൊണ്ടുപോകേണ്ടത്.

മുൻകാലങ്ങളിൽ നിയമസഭയിൽ ഇംഗ്ലീഷിലോ മലയാളത്തിലോ തമിഴിലോ സംസാരിക്കാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. അവിടത്തെ ഔദ്യോഗികഭാഷ ഇംഗ്ലീഷായി സ്വീകരിക്കയും ചെയ്തു. അതിനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Krishnan Sastri]

പ്രത്യേക കാരണമുണ്ടായിരുന്നു. അക്കാലത്തു് നിയമസഭകളുടെ അദ്ധ്യക്ഷ സ്ഥാനം വഹിച്ചിരുന്നതു് മലയാളമോ തമിഴോ അറിയാൻപാടില്ലാത്ത വിദേശികൾ ആയിരുന്നു. ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത ഏതെങ്കിലും മെമ്പർ മലയാളത്തിലോ തമിഴിലോ സംസാരിച്ചിരുന്നാൽത്തന്നെ വസ്തുതകൾ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു് അദ്ധ്യക്ഷനെ ധരിപ്പിച്ചുകൊണ്ടാണു് ഇരുന്നതു്. ഇന്നു് ഈപ്രതിനിധിസഭയിലെ അദ്ധ്യക്ഷത്വം വഹിക്കുന്ന ആളും ഡിപ്പാർട്ടുമെൻറിലെ മേലദ്ധ്യക്ഷം വഹിക്കുന്ന ആളുകളും മാതൃഭാഷ അറിയാൻ പാടില്ലാത്ത ആളുകളല്ല. അതിനാൽ ഈ ഭേദഗതിയെ എല്ലാവരും സർവ്വാത്മനാ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. A. RAMASUBRAMONIA KARAYALAR *(Shencotta—General):* தலைவர் அவர்களே! இப்பிரதிநிதி சபையில் கண்டிப்பாகத் தாய் பாஷையாகிய மலையாளத்திலும் தமிழிலும் தான் பேசவேண்டும். ஆங்கிலத்தில் பேசுவது அத்தியாவசியமாக இருக்குமானால் தலைவர் அனுமதியுடன் பேசலாம். இதுதான் எனது திருத்தப்பிரேரணை. தலைவர் அவர்களே! திருவாங்கூரில் மலையாளம், தமிழ் பேசக்கூடிய இரண்டு இனங்கள் தானிருக்கிறார்கள். மலையாளம் பேசுகிறவர்களுக்கு தங்கள் பாஷையில் எவ்வளவு பற்றுதல் இருக்கிறதோ அவ்வளவு பற்றுதல் தமிழர்களுக்கு தங்கள் தாய்பாஷையின் பாலிருக்கிறது. அப்படித் தங்கள் தங்கள் தாய்பாஷையின் பால் அன்பும் பற்றும் இருக்கும்போது என் பிற்பாஷையாகிய ஆங்கிலத்தை உபயோகிக்கவேண்டும். 1947 ஆகஸ்டு 15-ாம் தேதிவரை ஆங்கிலபாஷையைத்தான் உபயோகிக்க வேண்டுமென்று பயமிருக்கலாம். அந்த பயம் இனி நமக்கு வேண்டாம். ஆங்கிலேயர்கள் நமது நாட்டிலிருந்து மூட்டை முடிச்சுகளுடன் கப்பலேறிப் போய்விட்டார்கள். நமக்கு ஏன் இவ்வளவு அடிமையில் மோகம். அன்னிய பாஷையாகிய ஆங்கிலத்தில் மோகம் என்று கேட்கிறேன்? நம் மக்களுக்குத் தொண்டு செய்யவும் நம் நாடு முன்னேற்றமடைய வேண்டுமென்ற நோக்கத்துடன் பொறுப்பாட்சி ஏற்படுத்தக்கூடியிருக்கும் இந்த ஜனபிரதிநிதிசபையில் முதல் முதலாக நாம் செய்யவேண்டியது நமது தாய்பாஷைக்கு முதன்மை ஸ்தானம் அளிப்பதுதான். நமது சமஸ்தானம் 64 லக்ஷம் ஜனத்தொகை கொண்டது. நம்மை தேர்ந்தெடுத்து அனுப்பியிருக்கும் ஜனங்களுக்கு நாம் நாட்டின் நன்மைக்காக என்னத்தை செய்கிறோம் என்று அறிய நமது தாய் பாஷையைதான் உபயோகிக்கவேண்டும். நமக்கும் சர்க்காருக்கும் இடையே சகல நடவடிக்கைகளும் நமது தாய்பாஷையில் தான் இருக்கவேண்டும்.

நாம் இனியும் ஆங்கிலத்தில் மோகத்தை வைத்துக்கொண்டிருந்தால் நமது முன்னேற்றம் தடைபடுவதுமல்லாமல் நாம் கீழே நோக்கித்தான் போகவேண்டியதாயிருக்கும். தாய்பாஷையில் பேசவேண்டும் என்ற நிர்ப்பந்தம் இல்லாததினால் தான் நன்றாக மலையாளம் பேசத்தெரிந்த ஸ்ரீ ராமசந்திரன் அவர்களும், நன்றாக தமிழ் பேசத்தெரிந்த ஸ்ரீ நேசமணி அவர்களும்

LIBRARY ARCHIVES Kerala Legislative Assembly

ஆங்கிலத்தில் பேசினார்கள். எனவே தாய்பாஷையின் வளர்ச்சிக்கு ஒரு விதண்டிப்பு மிக மிக அவசியம். ஆங்கிலத்தில் பேசும்வழக்கத்தை ஒழித்துக்காட்டவேண்டியகாலம் வந்துவிட்டது. நமது சென்னை மாகாணத்தில் சில ஜில்லாக்களில் காங்கிரஸ் சர்க்காரின் கீழ்கடித போக்குவரத்துகள்யாவும் தாய்பாஷையில் தான் இருக்கவேண்டுமென்றிருக்கும்போது நமது திருவாங்கூரில் நமது தாய்மொழிக்கு முக்கியத்துவம் கொடுக்காமல் இருப்பது சொம்பவும் வருந்தத்தக்கது. சில அரசியலமைப்பை பற்றி நாம் சட்டங்கள் இயற்றும்போது ஒரு சில கஷ்டங்கள் ஏற்படும். அவைகளையும் நமது தாய்மொழியின் மூலமாக நிவர்த்தி செய்யமுடியும். செய்யவேண்டும். அதனல் கண்டிப்பாக இப்பிரதிநிதி சபையில் தாய்மொழியாகிய தமிழிலும், மலையாளத்திலும் தான் பேசவேண்டும். மேலும் நமது தாய்மொழியின் மூலமாகத்தான் நமது சர்க்காருக்கும் பொதுமக்களுக்கும் நெருங்கியதொடர்பையும் அன்னியோன்னியத்தையும் உண்டுபண்ணமுடியும். தமிழ்பிரதேசங்களில் தமிழ்அரசாங்கமொழியாக அங்கீகரிக்கவேண்டும். அப்பொழுதுதான் தமிழர் தமிழராக வாழமுடியும். ஆகவே எல்லோரும்ஆங்கில பாஷையை அறவே ஒழித்து நமது தாய்பாஷை மூலமாக வேவேண்டியது செய்யவேண்டுமென்று கேட்டுக்கொள்கிறேன்.

MR. K. K. CHELLAPPAN PILLAI : സർ, ഈ ഭേഗതിയെ അനുകൂലിക്കാനാണ് ഞാൻ ഇവിടെ എഴുനേറ്റു നിൽക്കുന്നത്. എന്റെ ഭേഗതി ഇംഗ്ലീഷിൽ അയച്ചതിനെപ്പറ്റി ശ്രീമാൻ പി. ടി. ചാക്കോ ഇപ്പോഴും ഓർമിപ്പിച്ചേക്കാം. എനിക്കു ലഭിച്ച രൂപകം ഇംഗ്ലീഷിലായിരുന്നതുകൊണ്ടു അതു സംബന്ധിച്ചുള്ള ഭേഗതിയും ഇംഗ്ലീഷിൽതന്നെ അയക്കേണ്ടിവന്നു എന്നു അദ്ദേഹത്തേയും അദ്ദേഹത്തെപ്പോലെ അല്പം പ്രായമുള്ളവരേയും ഞാൻ ആദ്യമായി അറിയിച്ചുകൊള്ളട്ടെ.

MR. K. S. JOSEPH : 'രൂപകം' എന്നതു് ഏതു ഭാഷയാണ്. ഇംഗ്ലീഷിൽ 'റൂൾസ്' എന്നു പറയും. മലയാളത്തിൽ 'ചട്ടങ്ങൾ' എന്നും പറയും, 'രൂപകം' എന്നതു് ഏതു ഭാഷയിലുള്ളതാണെന്നു മനസ്സിലായില്ല.

MR. K. K. CHELLAPPAN PILLAI : ഇതു സംബന്ധിച്ചു് ഒരു വിശദീകരണത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ഭേഗതിയെ അനുകൂലിച്ചു ബഹുമാനപ്പെട്ട മെമ്പറന്മാർ ഇങ്ങനെ ഒരു ഭേഗതികൊണ്ടുവരേണ്ട ആവശ്യത്തെപ്പറ്റി വളരെ ഭംഗിയായി സംസാരിച്ചിട്ടുണ്ട്. അതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ പറയാമെന്നു വിചാരിക്കുന്നു. ഇംഗ്ലീഷുഭാഷയോടുള്ള വിരോധംകൊണ്ടല്ല, ഇംഗ്ലീഷുഭാഷയോടു യാതൊരു തരത്തിലുള്ള നീരസം കൊണ്ടുമല്ല ഈ സഭയുടെ നടപടികൾ ഇംഗ്ലീഷുഭാഷയിലായിരിക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

രുത് എന്നു പറയുന്നതു. നേരേമറിച്ചു ജനാഭിലാഷത്തോടു നമുക്കു ഉണ്ടായിരിക്കേണ്ട ഭക്തികൊണ്ടും അവരുടെ ആശയത്തെ ബഹുമാനിച്ചു മാത്രമാണു് മാതൃഭാഷയിൽ സംസാരിക്കണമെന്നു പറയുന്നതു്. മാതൃഭാഷ എന്നു പറയുമ്പോൾ തമിഴോ മലയാളമോ എന്നു എപ്പോഴും ധരിക്കേണ്ടതാണു. ഒരു പക്ഷേ മലയാളം എന്നു മാത്രം പറഞ്ഞാലും അതിൽ തമിഴുംകൂടി ഉൾപ്പെട്ടുമെന്നു്. എന്റെ തമിഴ് സഹോദരന്മാർ ധരിക്കണമെന്നു് എനിക്കു പ്രത്യേകം അപേക്ഷയുണ്ടു്. ഇവിടെ സന്നിഹിതരായിരിക്കുന്ന മെമ്പറന്മാരുടെ കൂട്ടത്തിൽ ഇംഗ്ലീഷിൽ പറഞ്ഞാൽ മനസ്സിലാകാത്തവരായി ഫ്രെ-ൽ അധികം മെമ്പറന്മാർ ഉണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു അതുകൊണ്ടും ഇംഗ്ലീഷിൽ സംസാരിക്കുമ്പോൾ അവരുടെ ആവശ്യത്തിനായി മലയാളത്തിലോ തമിഴിലോ തർജ്ജിമകൂടി വേണ്ടിവരുന്നു. എന്നു മാത്രമല്ല അവർക്കു മനസ്സിലാകാത്ത ഇംഗ്ലീഷുഭാഷയിൽ സംസാരിക്കുക എന്നുള്ളതു് അവരുടെ അഭിമാനത്തെ ഭഞ്ജിക്കുന്ന ഒരു കാര്യമായും വന്നുകൂടുന്നു. അതുകൊണ്ടു അവർക്കു വേണ്ടിയും അവരുടെ അഭിമാനത്തെ പരിഗണിച്ചും മാതൃഭാഷയിൽ സംസാരിക്കണമെന്നു ഞാൻ എന്റെ സ്നേഹിതന്മാരോടു അപേക്ഷിച്ചു കൊള്ളട്ടെ. ഇവിടെ നടക്കുന്നതെല്ലാം മലയാളത്തിലും തമിഴിലും ആയിരിക്കണമെന്നു പറയുമ്പോൾ സഭയുടെ പ്രൊസീഡിംഗ്സും മലയാളത്തിലും തമിഴിലും ആയിരിക്കണമെന്നു പറയേണ്ടതില്ലല്ലോ.

എനിക്കു ഒരു കാര്യംകൂടി പറയാനുണ്ടു്. നാം ഇന്നു് ഇവിടെ കൂടിയിരിക്കുന്നതു് ജനകീയമായ ഒരു ഭരണഘടന ഉണ്ടാക്കുവാനാണു്. ജനകീയമായ ഭരണഘടന ഉണ്ടാക്കുക എന്നു വച്ചാൽ ജനങ്ങൾക്കെല്ലാവർക്കും നമ്മുടെ ഗവണ്മെൻറിനോടും നമ്മളോടും പ്രത്യേകമായ അടുപ്പവും താൽപ്പര്യവും തോന്നത്തക്കവണ്ണം ഒരു ഭരണഘടന നിർമ്മിക്കുക എന്നാണതിന്റെ അർത്ഥം. അപ്പോൾ എല്ലാ ജനങ്ങളേയും നമ്മളോടു കൂടുതൽ അടുപ്പിക്കത്തക്കവണ്ണമായിരിക്കണം നാം പ്രവർത്തിക്കേണ്ടതു്. അതിനാൽ നമ്മുടെ ഭാഷ, നമ്മുടെ പ്രസംഗം, നമ്മുടെ ഇവിടത്തെ പ്രൊസീഡിംഗ്സ് ഇവയെല്ലാം ജനങ്ങളുടെ ഭാഷയായ മലയാളത്തിലോ തമിഴിലോ ആയിരിക്കേണ്ടതാണു്. എത്രമാത്രം നാം ഇംഗ്ലീഷുഭാഷയിൽ പറയുന്നുവോ-നമ്മുടെ നടപടികൾ ഇംഗ്ലീഷുഭാഷയിൽ നടത്തുന്നുവോ-അത്രമാത്രം നമ്മുടെ ജനങ്ങളുമായി നാം അകലുകയാണു ചെയ്യുന്നതു. ഇവിടത്തെ നടപടികൾ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്ന നമ്മുടെ സ്നേഹിത

LIBRARY ARCHIVES Kerala Legislative Assembly

ന്മാരിൽ പലരും ഗ്രാമങ്ങളിൽനിന്നു വന്നിട്ടുള്ളവരും ഇംഗ്ലിഷുഭാഷ അറിയാൻ പാടില്ലാത്തവരുമാണു. അവർ ഇവിടെനിന്നു ഇറങ്ങിപ്പോകുമ്പോൾ പറയുന്നതു് "ഈ മെമ്പറന്മാർ എന്തൊക്കെയോ പറഞ്ഞു, ഞങ്ങൾക്കൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല" എന്നായിരിക്കും. കഴിഞ്ഞ കാലങ്ങളിലെ സമ്മാനടപടികളിൽനിന്നും പ്രത്യേകമായി അവർ യാതൊന്നും കാണുന്നില്ല എന്നു പറയുന്നതു് നമുക്കു് അഭിമാനകരമാണോ എന്നു് ഞാൻ ചോദിക്കുന്നു.

MR. T. K. NARAYANA PILLAI : May I know whether the reference to the balcony is in order.

MR. PRESIDENT : മെമ്പർ സാധാരണ ജനങ്ങളെപ്പറ്റി മാത്രമേ പറഞ്ഞുള്ളൂ.

MR. T. K. NARAYANA PILLAI : 'ഇവിടെയിരിക്കുന്ന ആളുകൾ' 'എന്നു മെമ്പർ പ്രത്യേകം പറയുകയുണ്ടായി.

MR. K. K. CHELLAPPAN PILLAI : ഞാൻ, അവർ കേൾക്കുവാനായി അല്ല ഇതു പറഞ്ഞതു്, അവരോടുമല്ല; നമ്മളുടെ ചെയ്തികൾ കാണുവാനും നമ്മൾ പറയുന്നതു കേൾക്കുവാനും കൂടെയാണു് ഇരിപ്പുണ്ടെന്നുള്ള കാര്യംകൂടി ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരെ ഓർമ്മിപ്പിക്കുവാൻ വേണ്ടി പറഞ്ഞുവെന്നെയുള്ളൂ.

MR. PRESIDENT : മെമ്പർ ഭേദഗതിയെപ്പറ്റിയുള്ള പ്രസംഗം തുടരാം.

MR. K. K. CHELLAPPAN PILLAI : അങ്ങനെ, മലയാളഭാഷയ്ക്കും തമിഴ് ഭാഷയ്ക്കും എത്രമാത്രം പ്രാമാണ്യം കൊടുക്കാമോ അത്രമാത്രം നാം ജനങ്ങളുമായി അടുക്കുന്നു. അതിനുവേണ്ടി മാത്രമെങ്കിലും നാം ആ രണ്ടു ഭാഷയിലും മാത്രം സംസാരിക്കേണ്ടതാണു. ഇതിനു മുമ്പുതന്നെ ആ ഭാഷകളിൽ എല്ലാവരും ഇവിടെ സംസാരിച്ചില്ലല്ലോ എന്നു ഞാൻ സങ്കടപ്പെടുന്നു. മലയാളഭാഷയിൽ സംസാരിക്കാൻ നല്ലവണ്ണം അറിയാവുന്ന മി. ജി. രാമചന്ദ്രനും തമിഴ്ഭാഷയിൽ പ്രഗൽഭമായി സംസാരിക്കുവാൻ കെൽപ്പുള്ള മി. നേശമണിയും ഇംഗ്ലീഷിൽതന്നെ സംസാരിച്ചതു് അവർക്കു മലയാളത്തിനോടും തമിഴിനോടുമുള്ള ബഹുമാനക്കുറവു കൊണ്ടാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. മേലാലെങ്കിലും അവർ അപ്രകാരം ചെയ്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. മഹാത്മാഗാന്ധിയുടെ പേർ നാം ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ല. അദ്ദേഹത്തിന്റെ ഓരോ ശ്വാസവും ദേശീയസ്വാതന്ത്ര്യസമ്പാദനത്തിനും

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

അടിമത്വത്തിന്റെ ഉച്ചാടനത്തിനും വേണ്ടിയായിരുന്ന എന്നു എല്ലാവർക്കും അറിയാം. നമ്മുടെ അടിമത്വത്തിന്റെ ഉദയമുണ്ടായതു, മെക്കാളെ ഇംഗ്ലീഷുവിദ്യാഭ്യാസം ഇവിടെ നടപ്പിൽ വരുത്തുവാൻ തുടങ്ങിയതു എന്നാണോ അന്നു മുതൽക്കാണ്. എപ്പോഴാണോ മഹാത്മാഗാന്ധി ഇംഗ്ലീഷുഭാഷയേയും ഇംഗ്ലീഷു സംസ്കാരത്തേയും ബഹിഷ്കരിക്കണമെന്നു നമ്മോടു ഉപദേശിക്കാൻ തുടങ്ങിയതു അന്നുമുതൽക്കു മാത്രമേ സ്വാതന്ത്ര്യത്തിന്റെ ഉദയം നമുക്കു കാണുവാൻ സാധിച്ചുള്ളു. ആ സ്വാതന്ത്ര്യം പൂർണ്ണപ്രാപ്തിയിൽ എത്തിയതു കണ്ടുകൊണ്ടാണ് അദ്ദേഹം അന്തരിച്ചതും. അദ്ദേഹത്തിന്റെ ആദർശങ്ങളെ സ്വീകരിക്കുമെന്നുള്ള പ്രതിജ്ഞ ചെയ്തതിൽ പിന്നീടു അതിൽനിന്നു ഭിന്നമായ ഒരു മാർഗ്ഗം നാം സ്വീകരിക്കുന്നതു യോഗ്യതയല്ല.

MR. P. S. NATARAJA PILLAI : I am not moving the amendment.

MR. MANNATHU PADMANABHA PILLAI : സർ, ഈ ഭേദഗതിയെ സംബന്ധിച്ചു വാദപ്രതിവാദമെങ്കിലും മലയാളത്തിലോ തമിഴിലോ ആയിരിക്കണമെന്നു നിർദ്ദേശിക്കേണ്ടതാണു.

MR. P. BALAKRISHNAN THAMPI : A translation may be made available to the Hon. Member.

MR. E. P. PAULOSE (*Moovattupuzha III—General*): എന്റെ ഭേദഗതി ഇതാണ്. In Rule 25 after the words "in Malayalam, Tamil or English" add "But the president in his discretion at any time may ask a member to speak in his Vernacular."

ഇപ്പോൾ ഈ റൂളുകളിൽ മെമ്പറന്മാർക്കു അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം എടുത്തുകളയാതെതന്നെ മലയാളത്തിൽ സംസാരിക്കുന്നവർക്കു ഇംഗ്ലീഷിൽ സംസാരിക്കുന്നതിനു വിഷമത ഉണ്ടായിരിക്കരുതെന്നുള്ള ഉദ്ദേശമാണു ഇത്തരത്തിൽ ഒരു ഭേദഗതി അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചതു. അങ്ങനെ സംസാരിക്കണമെന്നു ആഗ്രഹിക്കുന്നവർക്കു അപ്രകാരം ചെയ്യുവാനുള്ള അനുവാദം കൊടുക്കുവാൻ പ്രസിഡൻറിനു അധികാരമുണ്ടായിരിക്കണമെന്നാണു ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നതു.

MR. MANNATHU PADMANABHA PILLAI : അതു പ്രസിഡൻറിനെ അനാവശ്യമായി ഉപദ്രവിക്കുന്നതിനു ഇടവരുത്തുകയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

MR. E. P. PAULOSE : അത്യാവശ്യമുള്ള ഘട്ടങ്ങളിൽ അനുവാദം കൊടുക്കുന്നതുകൊണ്ടു പ്രസിഡൻറിനു വലിയ ഉപദ്രവം ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ഭരണഘടന സംബന്ധിച്ചുള്ള നിയമങ്ങൾ എഴുതി ഉണ്ടാക്കുന്ന ജോലിയുണ്ടു് നാം ഇവിടെ കൂടിയിരിക്കുന്നതു്. ഇതു സംബന്ധിച്ചുള്ള ചട്ടങ്ങൾ മിക്കവാറും ഇംഗ്ലീഷിലാണു് നമുക്കു് ലഭിക്കുന്നതു്. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂവൻറു് അസംബ്ളി ചട്ടങ്ങൾ നോക്കിയാണല്ലോ നാം ഈ ചട്ടങ്ങൾതന്നെ ഉണ്ടാക്കിയിരിക്കുന്നതു്. അവിടത്തെ ചട്ടങ്ങൾ മലയാളത്തിലോ തമിഴിലോ തർജ്ജമ ചെയ്തുകിട്ടുവാൻ നമുക്കു സാധിച്ചിയില്ല. ആ ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നതു് ഇംഗ്ലീഷിലാണു്. ആ നിലക്കു് നമ്മുടെ ഭരണഘടനസംബന്ധിച്ചുള്ള ചട്ടങ്ങളെല്ലാം എഴുതിയുണ്ടാക്കുന്നതു് ഇംഗ്ലീഷിൽതന്നെ ആയിരിക്കണമെന്നു് എനിക്കഭിപ്രായമുണ്ടു്. ഭരണഘടനാചട്ടങ്ങൾ ഇംഗ്ലീഷിൽ എഴുതിക്കൂടാ എന്നു് ഇവിടെ ആരും പറഞ്ഞു കേട്ടില്ല. ഈ ഭേദഗതിയെ അനുകൂലിച്ചു മി. കെ. കെ. ചെല്ലപ്പൻപിള്ളപോലും അങ്ങനെ പറഞ്ഞിട്ടില്ല. അതുകൊണ്ടു് ഇതുസംബന്ധിച്ചുള്ള ചർച്ചകൾ ഒട്ടൊക്കെയെങ്കിലും ഇംഗ്ലീഷുഭാഷയിൽ നടത്തേണ്ടതായിവരും. എന്നാൽ അങ്ങനെ നടത്തുന്ന വാദപ്രതിവാദങ്ങൾ അത്യാവശ്യം നോക്കി മാത്രം നടത്തുവാനും ഇംഗ്ലീഷുഭാഷയോടുള്ള പ്രതിപത്തികൊണ്ടുമാത്രം ആകാതിരിക്കാനും വേണ്ടി നിയന്ത്രിക്കുവാനുള്ള അധികാരം പ്രസിഡൻറിനു് നൽകണം. അതിനുവേണ്ടിയാണു് ഞാൻ ഈ ഭേദഗതി ഇവിടെ ഹാജരാക്കുന്നതു്.

MR. MANNATHU PADMANABHA PILLAI : സർ, മി. രാമകൃഷ്ണപിള്ള ഹാജരാക്കിയ ഭേദഗതിയാണു് ഇവിടത്തെ ചർച്ചാവിഷയം. ഇപ്പോൾ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ ആ ഭേദഗതിയെ അനുകൂലിക്കുന്നുവോ പ്രതിക്കൂലിക്കുന്നുവോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഈ വകുപ്പിനെ സംബന്ധിച്ചു് ഭേദഗതികൾ അയച്ചിട്ടുള്ള മെമ്പറന്മാർ ആരും ഇതുവരെ ഇവിടെ സംസാരിച്ചതു്. മി. പൗലോസും ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണു്.

MR. G. P. NILAKANTA PILLAI (*Karunagapally I—General*) : മി. പൗലോസിൻെറ ഭേദഗതിയെ ആരും അനുകൂലിച്ചിട്ടില്ല.

MR. PRESIDENT : ഭേദഗതികൾ വോട്ടിനിടുമ്പോൾ ആ കാര്യം നിശ്ചയിക്കാവുന്നതാണു്.

MR. MOHAMMED MUSTAFA : In Rule 25 (1) insert "whenever is so required by any member" in place of "whenewer he thinks fit."

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mohammed Mustafa.]

സർ, എന്റെ ഭേദഗതി ഇവിടെ ഏതു ഭാഷയിൽ സംസാരിക്കണമെന്നു നിശ്ചയിച്ചതിനുശേഷം ഹാജരാക്കേണ്ടതാണു്. മൂന്നു ഭാഷയിൽ ഏതെങ്കിലും ഒന്നിൽ ഒരു മെമ്പർ സംസാരിക്കുമ്പോൾ അതിനു് തർജ്ജമ ആവശ്യമായി വന്നാൽ പ്രസിഡന്റിന്റെ യുക്തംപോലെ ചെയ്യാമെന്നു ഭാഗത്തിനു ഒരു പ്രത്യേക ഭേദഗതിയാണു് ഞാൻ അവതരിപ്പിച്ചിരിക്കുന്നതു്. "ആവശ്യക്കാരുണ്ടു് യുക്തമെന്നു തോന്നുകയാണെങ്കിൽ" എന്നതിനു പകരം "ഏതെങ്കിലും ഒരു മെമ്പർ ആവശ്യപ്പെടുമ്പോൾ" എന്നാണു എന്റെ ഭേദഗതി. ഈ ഭേദഗതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും സഭ അതു സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു.

MR. THARIATHU KUNJITHOMMEN (*Muvattupuzha II—General*): സർ, ഞാൻ ശ്രീമാൻ രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ അനുകൂലിക്കുന്നു. ഭരണാധികാരികളായ ഓരോ രാജ്യക്കാരും അവരുടെ രാഷ്ട്രീയ പുരോഗതിയാഗ്രഹിക്കുകയും അവരുടെ മാതൃഭാഷകൾക്കുവേണ്ടിയുള്ള പുരോഗതിക്കും വളരെ പരിശ്രമം ചെയ്തുകൊണ്ടിരുന്നതായി ചരിത്രത്തിൽനിന്നും നമുക്കറിയാം. നമ്മളെ വിഴുങ്ങിക്കൊണ്ടിരുന്ന മേൽക്കോയ്മയായ ഇംഗ്ലീഷുകാരുടെ ചരിത്രം പരിശോധിച്ചുനോക്കുന്നപക്ഷവും അവർ സ്വതന്ത്രരായിക്കഴിച്ചുകൊണ്ടിരിക്കുന്ന അവരുടെ രാജ്യത്തു് എപ്പോഴാണോ സ്വതന്ത്രരായി രാജ്യം ഭരിക്കുവാൻ അവർക്കു കഴിഞ്ഞതു് അന്നുവരെ അവിടെ പ്രചാരത്തിൽ ഇരുന്ന അനവധി രാഷ്ട്രീയ ഗ്രന്ഥങ്ങളും രാഷ്ട്രീയ പ്രമാണങ്ങളും ഉൾക്കൊണ്ടിരിക്കുന്ന ലത്തീൻ ഭാഷയിലോ ഗ്രീക്കു ഭാഷയിലോ അവരുടെ രാജ്യകാര്യങ്ങൾ നടത്തുവാൻ അതിനുശേഷം അവർ തയാറായില്ലെന്നു കാണാം. അങ്ങനെ ഒരു നയമായിരുന്നു അവർ സ്വീകരിച്ചിരുന്നതെങ്കിൽ, അതായതു്, അതുവരെ പ്രചാരത്തിലിരുന്ന ലത്തീൻ ഭാഷയിലോ ഗ്രീക്കുഭാഷയിലോ അവരുടെ രാജ്യകാര്യങ്ങൾ നടത്തുകയും ആ ഭാഷകൊണ്ടു് പ്രാമാണ്യം കൊടുക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇന്നും ഇംഗ്ലീഷു് ഭാഷയ്ക്കു് പുലർച്ച ഉണ്ടാകയില്ലായിരുന്നു. മാതൃഭൂമി, മാതൃഭാഷ എന്നെല്ലാം സാധാരണ എല്ലാവരും പറയാറുണ്ടു്. മാതൃവിശേഷമായ ഒരു സ്നേഹവും ആദരവും ഭക്തിയും സ്വദേശത്തോടും സ്വഭാഷയോടും എല്ലാവർക്കും ഉണ്ടെന്നാണു് ഇതിൽനിന്നും തെളിയുന്നതു്. നമ്മുടെ ഭാഷ രാഷ്ട്രീയഭാഷയായി ഉപയോഗിക്കുന്നതിനു പല പാടങ്ങളുടെയും കുറവുകൊണ്ടു് പര്യാപ്തമായി ഭവിക്കുകയില്ലാ എന്നൊരഭിപ്രായം ഇവിടെ പറഞ്ഞതുകേട്ടു. മുമ്പു രാഷ്ട്രഭാഷയായി ഉപയോഗത്തിലില്ലാതിരുന്ന സ്ഥിതിക്കു് നമ്മുടെ ഭാഷ രാഷ്ട്ര

LIBRARY ARCHIVES Kerala Legislative Assembly

ഭാഷയായി ഉപയോഗിക്കാൻ തുടങ്ങുമ്പോൾ ആരംഭംലുട്ടത്തിൽ ചില ന്യൂനതകളും കുറവുകളും വന്നേക്കാം. അതു പരിഹരിക്കാവുന്നതേയുള്ളൂ. ആവശ്യമുള്ള പദങ്ങൾ ഇംഗ്ലീഷുഭാഷയിൽനിന്നും സംസ്കൃതത്തിൽനിന്നും അതുപോലെ മറ്റു ഭാഷകളിൽനിന്നും എടുത്തുപയോഗിക്കയും ചെയ്യാം. നമ്മുടെ ഭാഷയുടെ ഇപ്പോഴത്തെ അങ്ങനെ അന്യഭാഷകളിൽനിന്നും എടുത്തുപയോഗിച്ചു കൊണ്ടിരിക്കുന്ന അനേക പദങ്ങളുണ്ട്. വലിയ ഒരു ഭണ്ഡാഗാരം സംസ്കൃതത്തിൽ കിടക്കുന്നു. ആ സംസ്കൃതത്തിൽനിന്നും ആ വക പദങ്ങൾ നമുക്കെടുത്തുപയോഗിക്കാം. അങ്ങനെ ആ പോരായ്മകൂടി തീർക്കാം. നമ്മുടെഓഫീസിനെപ്പറ്റിത്തന്നെ നോക്കുക. പ്രസിഡന്റ്, സെക്രട്ടറി, ഡെപ്യൂട്ടി പ്രസിഡന്റ്, കൺവീനർ മുതലായ പദങ്ങളെല്ലാം ഇംഗ്ലീഷ് പദങ്ങളാണ്. വിപ്പ് ഇംഗ്ലീഷ് പദമാണ്. ഇതൊക്കെയും മലയാളത്തിലും നിർബ്ബാധമായി ഉപയോഗിക്കുന്നില്ലേ. വസ്ത്രം, വേതനം, ആഹാരം മുതലായ പദങ്ങൾ സംസ്കൃതമാണല്ലോ കസേര, കടലാസ് മുതലായവ പോർട്ടുഗീസു പദങ്ങളാണെന്നാണ് എന്റെ അറിവ്. ഇങ്ങനെ ആവശ്യങ്ങളനുസരിച്ച് അന്യഭാഷകളിൽനിന്നും പദങ്ങൾ നമുക്കു സ്വീകരിക്കാം. നമ്മുടെ ഭാഷ ഉയരാതെ നമുക്ക് സംസ്കാരമോ അഭിവൃദ്ധിയോ ഉണ്ടാകയില്ല. അസംബ്ലിയിൽപ്പോയാൽ ഞാൻ ഇംഗ്ലീഷ് ഭാഷയെ ഉപയോഗിക്കുകയുള്ളുവെന്ന് തെരഞ്ഞെടുപ്പു പ്രകടന പത്രികയിൽ ഇവിടെയിരിക്കുന്ന ഓരോ മെമ്പറും പറഞ്ഞിരുന്നുവെങ്കിൽ അവർക്കും തന്നെ നിശ്ചയമായും ഇവിടെ വരാൻ സാധിക്കയില്ലായിരുന്നു. (ഹിയർ, ഹിയർ) സാമാന്യജനങ്ങൾക്ക് ഇഷ്ടപ്പെടുന്നതും അവരുടെ അഭിലാഷത്തേയും സംസ്കാരത്തേയും പ്രതിഫലിപ്പിക്കുന്നതും ആയ ഭാഷ അവരുടെ മാതൃഭാഷതന്നെയാണ്. ഇംഗ്ലീഷുഭാഷ പണ്ഡിതന്മാരുടെ ഭാഷയാണ്. ഇംഗ്ലീഷു പണ്ഡിതന്മാർക്കുമാത്രം ഈ നിയമസഭയിൽ എന്തെല്ലാം നടക്കുന്നു എന്നറിഞ്ഞാൽ മതിയോ ? മറ്റുള്ളവരും കൂടി അറിയേണ്ട കാര്യമല്ലയോ ഇതു്.

MR. K. S. JOSEPH : ഇതു് നിയമസഭയാണോ ?

MR. THARIATHU KUNJITHOMMAN : ഇതു് കാണസംബ്ലിയാണ്, നിയമസഭയല്ല എന്ന് മെമ്പറെപ്പോലെതന്നെ എനിക്കും അറിയാം. എന്നാൽ നാം ഇപ്പോൾ ചർച്ചചെയ്യുന്നതു് ഏതാണ്ടു നിയമങ്ങളെപ്പറ്റിയാണല്ലോ. ഈ റൂളുകളും നിയമമാണല്ലോ. അതുകൊണ്ടു് ഇപ്പോൾ ഇതും ഒരു നിയമസഭ തന്നെ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

ഇവിടെ എന്തുനടക്കുന്നുവെന്ന് ഇവിടെ സന്നിഹിതരായിരിക്കുന്നവർക്കും രാജ്യത്തിന്റെ പുറത്തുള്ള സാമാന്യജനങ്ങൾക്കും പത്രപ്രതിനിധികൾക്കും അറിയേണ്ട ചുമതലയുണ്ട്. സെൻട്രൽ നിയമസഭകളിലും പ്രവിശ്യാനിയമസഭകളിലും ഇംഗ്ലീഷിൽ അല്ലാതെ കാര്യങ്ങൾ നടത്തുന്നതു് എന്ന പറയുമായിരിക്കും; ശരിയാണ്. പല തരത്തിലുള്ള ഭാഷകൾ സംസാരിക്കുന്ന ദിക്കുകളിൽനിന്നും വന്നിരിക്കുന്ന മെമ്പർമാർക്ക് പൊതുവായി അംഗീകാരികമായ ഒരു ഭാഷ, ഒരു നാട്ടുഭാഷ ഉപയോഗിക്കുവാൻ അവിടെ വിഷമമുണ്ട്. എന്നാൽ തിരുവിതാംകൂറിലെ സ്ഥിതി അതല്ല. തിരുവിതാംകൂറിലെ ഭൂരിപക്ഷമാളുകളും സംസാരിക്കുന്നതു് മലയാളമാണ്. ഒരു ന്യൂനപക്ഷം തമിഴ് സംസാരിക്കുന്നവരായും ഉണ്ട്. ഇംഗ്ലീഷു ഭാഷ സംസാരിക്കുന്നവർ വളരെച്ചുരുക്കമേ കാണുന്നുള്ളൂ. ഏതായാലും ഈ രാജ്യത്തു മലയാളമറിയാൻ പാടില്ലാത്തതായി ആരുംതന്നെ ഉണ്ടായിരിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. എന്നാൽ പ്രവിശ്യകളിലെ കഥ അങ്ങിനെയല്ല. മദ്രാസ് പ്രവിശ്യയിൽ ബല്ലാറി, ക്രൂടല്ലൂർ, കോകനദ, വിശാഖപട്ടണം മുതലായ സ്ഥലങ്ങളിൽ ഉള്ളവർ സംസാരിക്കുന്നതു തെലുങ്കാണ്. മധുര, തിരുനൽവേലി, രാമനാഥം, കോയമ്പത്തൂർ മുതലായ ജില്ലകളിൽ സംസാരിക്കുന്നതു തമിഴാണ്. വടക്കേമലബാർ, തെക്കേമലബാർ നീലഗിരി മുതലായ സ്ഥലങ്ങളിൽ മലയാളം സംസാരിക്കുന്നു. കടപ്പാ, കണ്ണൂർ മുതലായ സ്ഥലങ്ങളിൽ കണ്ണാടകവും സംസാരിക്കുന്നുണ്ട്. ഇങ്ങനെ വിവിധഭാഷകൾ സംസാരിക്കുന്ന ജനങ്ങളുള്ള മദ്രാസിൽ എങ്ങിനെയാണ് മാതൃഭാഷയിൽ സംസാരിക്കുന്നതു്. തിരുവിതാംകൂറിൽ തമിഴന്മാർ അകെ എട്ടുലക്ഷം പേരേയുള്ളൂ. തെക്കൻ തിരുവിതാംകൂറിലുള്ള തമിഴന്മാർ നാലുലക്ഷമാണ്. അവർ തമിഴുതന്നെ സംസാരിച്ചുകൊള്ളട്ടെ. ഒരു വിരോധവുമില്ല. എന്നാൽ നിയമസഭാനടപടികൾ നടത്തേണ്ട ദേശീയഭാഷ മലയാളമായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇവിടത്തെ ഭൂരിപക്ഷം ആളുകളും സംസാരിക്കുന്നതു് മലയാളഭാഷയിലാണ്. മലയാളഭാഷ അറിഞ്ഞുകൂടാത്തവരായി ഈ രാജ്യത്തു് ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. ഭാഷാപരമായും ന്യൂനപക്ഷക്കാർ ഏതു രാജ്യത്തുമുണ്ടായിരിക്കും. എന്നുവച്ചു് ആ രാജ്യത്തെ ദേശീയഭാഷ ഈ ന്യൂനപക്ഷക്കാരുടെ ഭാഷയായിരിക്കയില്ല. ഏതു രാജ്യത്തെ അവസ്ഥ നോക്കിയാലും ഈ പ്രമാണം കാണാവുന്നതാണ്. ഹൈദരബാദിൽ തെലുങ്കു സംസാരിക്കുന്ന നല്ല ഒരു ന്യൂനപക്ഷമുണ്ട്. എന്നിട്ടും അവിടത്തെ ഔദ്യോഗികഭാഷ ഉറുദുവാണ്. കണ്ണാടകം സംസാരിക്കുന്ന വേറെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിഭാഗവും അവിടെയുണ്ട്. എങ്കിലും ഉറുദു ഔദ്യോഗികഭാഷയായി അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഇവിടത്തെ സ്ഥിതി അങ്ങനെയല്ല. നാലുലക്ഷം പേർ മാത്രമേ തമിഴ് സംസാരിക്കുന്നവരായി ഉള്ളൂ. അവക്ക് മലയാളം അറിയുകയും ചെയ്യാം. ഇന്നലെ ഇവിടെ നടന്ന നടപടികൾ കണ്ടിട്ട് ഞാൻ വളരെ നിരാശപ്പെട്ടിരിക്കയായിരുന്നു. എന്നാൽ അതിനല്പം മാറ്റം കാണുന്നതിൽ സന്തോഷമുണ്ട്.

ഇതിനുമുമ്പ് ഈ മാതിരി യോഗങ്ങളിൽ അദ്ധ്യക്ഷത്വം വഹിച്ചുകൊണ്ടിരുന്നതും ഇവിടത്തെ രാജ്യകാര്യങ്ങൾ നടത്തിക്കൊണ്ടിരുന്നതും വിദേശീയരായ ദിവാൻജിമാരാണ്. അവർ അദ്ധ്യക്ഷത്വം വഹിക്കുന്ന സന്ദർഭങ്ങളിൽ ഈ മാതിരി യോഗങ്ങളിൽ ഇതിൽ കൂടുതൽ മലയാളത്തിലുള്ള പ്രസംഗങ്ങളുണ്ടായിരുന്നു. ഇന്നലെ ഇവിടെയിരുന്നവർ ഇംഗ്ലീഷിൽ സംസാരിച്ചതു് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അവർക്ക് മലയാളത്തിൽ സംസാരിക്കാൻ അറിഞ്ഞുകൂടേ. അവരുടെ ഇംഗ്ലീഷു പ്രഭാഷണങ്ങളും കേട്ടുകൊണ്ടു് എത്രപേരാണ് ഇവിടെ മൂകന്മാരായി ഇരിക്കേണ്ടതു്. ഇതൊക്കെ അവർ ചിന്തിക്കേണ്ടതല്ലയോ. ചിലരോ ഭാഗങ്ങളിൽനിന്നും ഇവിടെ വന്നിരിക്കുന്ന ജനങ്ങൾക്ക് ഇവിടെ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കി തിരിയെപ്പോകുവാനുള്ള സൗകര്യം അവർക്കു കൊടുക്കേണ്ടതല്ലയോ. ഇന്നലത്തെ നടപടികൾ കണ്ടാൽ ഇവിടെ നടക്കുന്നതു് ഒരു ആംഗ്ലേയസമിതി തന്നെന്നു് തോന്നിപ്പോകുമായിരുന്നു. എന്നാൽ ഇന്നു് വളരെ ഭേദം വന്നിട്ടുണ്ട്. അതുകൊണ്ടു് മലയാളം ഇവിടത്തെ ഔദ്യോഗികഭാഷയായി അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. PONNARA G. SREEDHAR : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാന്യപ്പെട്ട മെമ്പർ മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ പിൻതാങ്ങുകയാണല്ലോ ചെയ്തതു്. ഭേദഗതി മലയാളഭാഷ ഔദ്യോഗികഭാഷയാക്കണം എന്നുള്ളതല്ല.

MR. PRESIDENT : മെമ്പർ പറഞ്ഞതു് മലയാളം ഇവിടത്തെ ഒരു പ്രധാനഭാഷയായി അംഗീകരിക്കണം എന്നുള്ളതിനും പുറമേ ഇവിടെ നടക്കുന്ന ചർച്ചകളും വാദപ്രതിവാദങ്ങളും മലയാളത്തിലും തമിഴിലും ആയിരിക്കണമെന്നാണ്.

MR. THARIATHU KUNJITHOMMAN : ഇവിടെ നടക്കുന്ന പ്രസംഗങ്ങളെല്ലാം മലയാളത്തിലും തമിഴിലും ആക്കേണ്ടതു് വളരെ അത്യന്താപേക്ഷിതമായിരിക്കുന്നു. തമിഴിൽ പ്രസംഗിക്കുന്നതു് തമിഴിൽത്തന്നെ രേഖ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

പ്പെട്ടതാം. എന്നാൽ ഇവിടത്തെ രാഷ്ട്രഭാഷ മലയാളമാക്കണം. മലയാളം സംസാരിക്കുന്നവരാണ് ഇവിടെയുള്ളവർ ഭൂരിപക്ഷം പേരും. നാലുലക്ഷം പേർ മാത്രമെ തമിഴ് സംസാരിക്കുന്നവരായുള്ളൂ.

MR. P. S. NATARAJA PILLAI : തെക്കൻ തിരുവിതാംകൂറിൽ തമിഴ് സംസാരിക്കുന്നവരായി നാലുലക്ഷം പേരുണ്ടെന്നു പറഞ്ഞത് സെൻസസ് നോക്കിയാണോ?

MR. THARIATHU KUNJITHOMMAN : അതെ.

MR. P. S. NATARAJA PILLAI : എന്നാൽ സെൻസസ്സിലെ കണക്ക് അതല്ല.

MR. THARIATHU KUNJITHOMMAN : അതെ.

MR. P. S. NATARAJA PILLAI : സെൻസസ്സ് കണക്കനുസരിച്ച് തെക്കൻ തിരുവിതാംകൂറിൽ എട്ടുലക്ഷം പേരുണ്ട്.

MR. THARIATHU KUNJITHOMMAN : അവർ എട്ടുലക്ഷം പേരുണ്ട്. എന്നാൽ പകുതിയും മലയാളം സംസാരിക്കുന്നവരും മലയാളം അറിയാവുന്നവരുമാണ്. ആ വിവരവും അതേ സെൻസസ്സ് റിപ്പോർട്ടിൽത്തന്നെയുണ്ട്.

MR. P. S. NATARAJA PILLAI : രാഷ്ട്രഭാഷ മലയാളമാക്കണമെന്നു പറയുമ്പോൾ ഇവിടെയുള്ള റിക്കാഡുകളെല്ലാം മലയാളത്തിൽത്തന്നെയായിരിക്കണമെന്നുകൂടി മെമ്പർ വിചാരിക്കുന്നുണ്ടോ?

MR. THARIATHU KUNJITHOMMAN : എന്റെ അഭിപ്രായം അതാണ്. രാജ്യകാര്യങ്ങളും കഴിയുന്നതും മലയാളത്തിൽത്തന്നെയാക്കണം; വിശേഷിച്ചും നിയമസഭാ കാര്യങ്ങളും.

MR. P. S. NATARAJA PILLAI : തമിഴർ അപ്പോൾ മലയാളം പഠിച്ചുകൊള്ളണമെന്നാണോ അതിന്റെ അർത്ഥം.

MR. THARIATHU KUNJITHOMMAN : അവർക്കു മനസ്സുണ്ടെങ്കിൽ പഠിക്കാം.

MR. P. S. NATARAJA PILLAI : തമിഴർ മലയാളം പഠിച്ചിട്ടുവേണം ഈ നിയമസഭാനടപടികളിൽ പങ്കുകൊള്ളുവാൻ എന്നാണോ മെമ്പർ വിചാരിക്കുന്നത്?

MR. THARIATHU KUNJITHOMMAN : തമിഴിനെ നിസ്സാരമായിത്തള്ളണമെന്നോ അല്ലെങ്കിൽ ഈ നിയമസഭയിൽ പ്രവേശിക്കുന്ന തമിഴർ മലയാളം പഠിച്ചതിനുശേഷം മാത്രമേ പ്രവേശിക്കാവൂ എന്നോ ഒന്നും ഞാൻ പറഞ്ഞതിനു് അർത്ഥമില്ല. ഞാൻ അങ്ങനെ ഉദ്ദേശിച്ചിട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ രാജ്യത്തെ സംബന്ധിച്ചിടത്തോളം മലയാളം ഇവിടത്തെ രാഷ്ട്രഭാഷയാക്കുന്നതിനെ സംബന്ധിച്ചുള്ള പരിതഃസ്ഥിതികൾ ഇവിടെ ധാരാളമുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. തമിഴിന്റെ കാര്യം വേറെയാണ്. ഒന്നാമത്തെ തമിഴർ ഇവിടെ ഒരു ന്യൂനപക്ഷം മാത്രമാണ്. രണ്ടാമത്തേത് അവരിൽ ഭൂരിപക്ഷം പേർക്കും മലയാളമറിയാം. തമിഴ് ഭാഷയെപ്പറ്റിയാണെങ്കിൽ അതിന്റെ അഭിവൃദ്ധിക്കും പ്രചരണത്തിനും നിയമപരമായും രാഷ്ട്രീയമായും ഉള്ള പ്രയോഗങ്ങൾക്കും സ്വാഭാവികമായി ശ്രമിച്ചുകൊണ്ടിരിക്കുന്നതും ശ്രമിക്കുവാൻ പുമതലപ്പെട്ടതുമായ ഒരു തമിഴ്നാട് വേറെ കിടപ്പുണ്ട്. അവിടെ ഏകദേശം മൂന്നുകോടി തമിഴർ താമസിക്കുന്നുമുണ്ട്. തമിഴ്ഭാഷയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമായി അശ്രാന്തപരിശ്രമം ചെയ്യുവാൻ പുമതലപ്പെട്ടവരായി അവകാശമുള്ളവരായി നമ്മുടെ അയൽ രാജ്യത്തുതന്നെ കിടക്കുന്നു. സിലോണിലും ജാഫ്നാ മുതലായ ദേശങ്ങളിലും തമിഴർ ധാരാളമുണ്ട്. അവരും തമിഴിന്റെ കാര്യം നോക്കിക്കൊള്ളും. തമിഴ് അഭിവൃദ്ധിപ്പെടുന്നതിലും പ്രചരിപ്പിക്കുന്നതിലും എനിക്ക് ക്ലേശത്തിൽ സന്തോഷമേയുള്ളു. മലയാളം, തമിഴ്, തെലുങ്ക്, കന്നട, കൂർഗ്, ഇവർ ഏകോദരസഹോദരികളാണ് ഇവർ തമ്മിൽ ശണ്ഠയ്ക്ക് അവകാശമില്ല. എന്നാൽ ഈ രാജ്യത്തെ പരിതഃസ്ഥിതി വച്ചുകൊണ്ടുനോക്കുമ്പോൾ മലയാളഭാഷ ഇവിടത്തെ ഔദ്യോഗികഭാഷ ആക്കേണ്ടതാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

MR. MANNATHU PADMANABHA PILLAI : മി. രാമകൃഷ്ണപിള്ള ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഇവിടത്തെ നടപടികൾ മലയാളത്തിലും തമിഴിലും ആയിരിക്കണമെന്നുള്ളതാണ്. ആ ഭേദഗതിയെ ബഹുമാനപ്പെട്ട മെമ്പർ അനുകൂലിക്കുന്നില്ലെന്നു തോന്നുന്നു.

MR. THARIATHU KUNJITHOMAN : അതിനെ അനുകൂലിക്കുകയല്ലാതെ ഇവിടെ മറ്റൊരു ഗത്യന്തരവുമില്ലല്ലോ. അതോടുകൂടി മലയാളത്തിനു പ്രാധാന്യം നൽകണമെന്നു കൂടി പറഞ്ഞുവെന്നേയുള്ളൂ.

MR G. RAMACHANDRAN : സർ, ഇവിടെ ആലോചനാവിഷയമായിരിക്കുന്ന സംഗതി വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്നു എനിക്കു തോന്നുന്നു. ഇന്നു ഈ കാര്യത്തെപ്പറ്റി നാം ചെയ്യുന്ന ഒരു തീരുമാനം ഇതിപര്യന്തമിരിക്കുന്നവരെ മാത്രം ബാധിക്കുന്ന ഒന്നല്ലെന്നും, അതു ഭാവി പരമ്പരകളെ തന്നെയും നമ്മുടെ വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ തന്നെയും ബാധിക്കുന്ന ഒന്നായിരിക്കുമെന്നും ആലോചി

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

ക്കുന്നതു നന്നായിരിക്കും. അതായതു ഒന്നുകിൽ മലയാളത്തിൽ അല്ലെങ്കിൽ തമിഴിൽ തന്നെ നടപടികൾ കൊണ്ടുപോകണമെന്നു ശ്രീമാൻ രാമകൃഷ്ണപിള്ള കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ പിൻതാങ്ങുകയാണു ചെയ്യുന്നതു്. ഇതിനു ഒരു എതിരവാദമായി ഒരു പക്ഷെ പറഞ്ഞേക്കാവുന്നതും, അവർതന്നെ മൂന്നിക്കാണിച്ചതും ഇതാണു്. നമ്മുടെ ഭാഷയ്ക്കു് വേണ്ടിടത്തോളം വളർച്ച ഉണ്ടായിട്ടില്ലെന്നും അങ്ങനെ വളർച്ച ഉണ്ടായിട്ടില്ലെന്നു കരുതുന്ന മെമ്പറന്മാർ, വളർച്ച ഉണ്ടെന്നു അവർ വിചാരിക്കുന്ന ഇംഗ്ലീഷിൽ പ്രസംഗിക്കുന്നതല്ലയൊ നല്ലതെന്നും വിചാരിക്കുന്നുവെന്നാണു്. എനിക്കു തോന്നുന്നതു് ഭാഷയ്ക്കു് വേണ്ടിടത്തോളം വളർച്ച ഉണ്ടായിട്ടില്ലെന്നു പറയുന്നതുകൊണ്ടു് യാതൊരു അപരാധവും വരുവാനില്ലെന്നാണു്. പക്ഷെ നമ്മുടെ ഭാഷയ്ക്കു് ഇനി വളർച്ച ഉണ്ടാക്കാൻ പാടില്ല എന്ന മനോഭാവമാണുള്ളതെങ്കിൽ അതു തെറ്റാണു്. ഭാഷയ്ക്കു് എങ്ങിനെയാണു വളർച്ചയുണ്ടാകുന്നതു്. അതുപയോഗിച്ചുപയോഗിച്ചല്ലാതെ ഉണ്ടാകുകയില്ല. ഞാൻ ഇവിടെ ഇതുവരെ പറഞ്ഞതെല്ലാം ഇംഗ്ലീഷിൽ ആയിരുന്നു എന്ന ഒരു ആക്ഷേപം ഉണ്ടായതു് വളരെ ന്യായമാണു്. സംസാരിക്കേണ്ട ഭാഷയെപ്പറ്റി പ്രസിഡൻറു തന്നെ ഒരു തീരുമാനമുണ്ടാക്കും, അതിനു ശേഷം ഏതു ഭാഷയിലാണു സംസാരിക്കേണ്ടതെന്നു നിശ്ചയിക്കാം എന്നു വിചാരിച്ചു് ഇംഗ്ലീഷിൽ സംസാരിച്ചു എന്നേയുള്ളു. അതും ശരിയല്ലെന്നു ഞാൻ സമ്മതിക്കുന്നു. നാം ഒരു സംഗതിയെക്കുറിച്ചു തീരുമാനം ചെയ്യുമ്പോൾ വളരെ ദൂരവ്യാപകമായ പല കാര്യങ്ങളേപ്പറ്റിയും ഓർക്കേണ്ടതുണ്ടു്. ഇന്നു നമ്മുടെ കോളേജുകളിലും, ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന മറ്റു സ്ഥലങ്ങളിലും ഇംഗ്ലീഷിനു വളരെ പ്രാധാന്യം കൊടുത്തിരിക്കുന്നു. എന്നാൽ താഴ്ന്ന ക്ലാസ്സുകളിൽ മലയാളത്തിനു പ്രാധാന്യം ഉണ്ടുതാനും. പ്രതിനിധിസഭയിലെ നടപടികൾ മലയാളത്തിലും തമിഴിലും മാത്രമെ നടത്താവൂ എന്നു തീരുമാനം ചെയ്താൽ അതു് ഉയർന്ന വിദ്യാഭ്യാസത്തിനു തന്നെയും മാതൃഭാഷയാണു് വേണ്ടതെന്ന വാദത്തിനു ശക്തികൂട്ടുന്നതായിരിക്കും. ഇന്നു് ഇൻഡ്യയിലെ ഏതു ഭാഗത്തു നോക്കിയാലും മാതൃഭാഷയിലാണു വിദ്യാഭ്യാസം നടത്തുന്നതു. മഹാത്മാഗാന്ധിയുടെ നവീന വിദ്യാഭ്യാസത്തിൽ ഒരു പദ്ധതി ഉണ്ടു. അതു ഇന്നു ബ്രിട്ടീഷു് പ്രോവിൻസിൽ എല്ലാം അംഗീകരിക്കപ്പെട്ടിട്ടുമുണ്ടു്. നമുക്കു പുറം ഇന്നു അതു് വളർന്നുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ഒരു അടിസ്ഥാനവിദ്യാഭ്യാസവും നാമും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

കയ്യേറ്റ നടത്തേണ്ടതായി വരും. അപ്പോൾ മാതൃഭാഷയല്ലാതെ സ്ഥാനം ഉണ്ടാകുന്നതല്ല. ആരെങ്കിലും മാതൃഭാഷയിൽ സംസാരിക്കുമ്പോൾ കുറേ രണ്ടോ ഇംഗ്ലീഷുവാക്കുകൾ പറഞ്ഞുപോയി എന്നു പറഞ്ഞു അവരുടെ നേരെ ചാടിവീഴുന്നതും ശരിയല്ല. പ്രാരംഭഘട്ടങ്ങളിലുള്ള വിഷമങ്ങളെക്കുറിച്ചുമാത്രമാലോചിക്കാതെ കൊണ്ടുവരുന്ന ഒരു ആശയമാണിതു്. മറ്റു ഭാഷകളിൽനിന്നും സാങ്കേതികമായ വാക്കുകൾ എടുക്കുന്ന പതിവു് എല്ലാ ഭാഷകൾക്കും ഉണ്ടു്. ഏതു ഭാഷയിൽനിന്നും ആവശ്യമുള്ള പദങ്ങളെ എടുത്തു് ആ പദങ്ങൾ ഉപയോഗിച്ചുപയോഗിച്ചു് നമ്മുടെ സ്വന്തമാക്കിത്തീർന്നാൽ മാത്രമേ നമ്മുടെ ഭാഷ അഭിവൃദ്ധിപ്പെടുകയുള്ളൂ. ആരോ ഒരാൾ മെമ്പർ എന്നു പറയുന്നതു് എന്തിനാണെന്നു ചോദിക്കുന്നതു് അർത്ഥശൂന്യമാണു്. ഏതു ഭാഷയിൽനിന്നും പദങ്ങൾ എടുക്കുവാനുള്ള അവകാശം നമുക്കുണ്ടു്. ബഹുമുഖ ഭാഷയുടെ മാത്രമേ പദങ്ങൾ എടുക്കുവാനും കൊടുക്കുവാനും ശക്തിയുള്ളൂ.. മറ്റു ഭാഷകളിൽനിന്നു പദങ്ങൾ എടുക്കുകയും, മറ്റു ഭാഷകളിലേക്കു പദങ്ങൾ കൊടുക്കുകയും ചെയ്യുന്നതു ശക്തിയുടെ ലക്ഷണമാണു്. തമിഴിനെപ്പറ്റി പറഞ്ഞാൽ എല്ലായോ വാക്കുകൾ അന്യഭാഷകളിൽനിന്നും ആ ഭാഷ എടുത്തിട്ടുണ്ടു്. മലയാളത്തിൽ ധാരാളം അറബി വാക്കുകൾ ഉപയോഗിക്കുന്നുണ്ടു്. സംസ്കൃതപദങ്ങളുമുണ്ടു് ഇംഗ്ലീഷു വാക്കുകളുമുണ്ടു്. അതുകൊണ്ടു് അന്യഭാഷകളിലെ പദങ്ങൾ ഉപയോഗിക്കുന്നു എന്നു ആക്ഷേപം പറഞ്ഞതു് ഈ വാദം തള്ളിക്കളയേണ്ട ആവശ്യം ഇല്ലെന്നു എനിക്കു തോന്നുന്നു.

പക്ഷേ അതിപ്രധാനമായ ഒരു കാര്യം നാം ഇവിടെ എഴുതുന്ന ഭരണഘടനയുടെ അസ്സൽ ഏതുഭാഷയിലായിരിക്കണമെന്നുള്ളതാണു്. നാം ഇവിടെ സംസാരിക്കുന്നതു് മലയാളത്തിലും തമിഴിലും, എന്നാൽ ഭരണഘടനയുടെ അസ്സൽ ഇംഗ്ലീഷിലും ആണെന്നു വരുന്നതു ശരിയല്ല. നാം ഇവിടെ പ്രസംഗിക്കുന്നതു് മലയാളത്തിലും തമിഴിലും ആയിരുന്നാൽ ഭരണഘടനയുടെ അസ്സൽ എഴുതുന്നതും ആ ഭാഷകളിൽതന്നെ ആയിരിക്കണം. അപ്പോൾ ഭരണഘടനയുടെ അസ്സൽ ഒരേ സമയത്തു് ഈ രണ്ടു ഭാഷകളിൽ ആകുന്നതു് എങ്ങിനെയെന്ന ചോദ്യമുണ്ടാകും. അതിനു വിഷമമില്ല. നല്ല മലയാള പണ്ഡിതന്മാരേയും തമിഴ് പണ്ഡിതന്മാരേയും അസ്സൽ ഉണ്ടാക്കുവാൻ നിയമിച്ചാൽമാത്രം മതിയാകും. ഇംഗ്ലീഷു പദങ്ങൾ ടെക്നിക്കലായി ഉപയോഗിച്ചേതീരു എന്നു വരുന്നിടത്തു ഇംഗ്ലീഷുപദങ്ങൾതന്നെ ഉപയോഗിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

തിനും വിരോധമില്ല. ആവശ്യംപോലെ മലയാളത്തിലൊ തമിഴിലൊ പദങ്ങൾ തർജ്ജിമചെയ്തു ചേർക്കുന്നതിലും തെറ്റില്ല. പദങ്ങൾ ഇല്ലാത്തപ്പോൾ പുതിയ പദങ്ങൾ സൃഷ്ടിക്കേണ്ടതായും വരും. നാം ഇവിടെ ഉണ്ടാക്കുവാൻ പോകുന്ന ഭരണഘടന ഈ രണ്ടു ഭാഷകളിലുമുള്ള, ഞാൻ ഇവിടെ ഒരു ഇംഗ്ലീഷു പദം തന്നെ പറയുകയാണ്; ഒരു 'ക്ലാസിക്കു' തന്നെ ആയിരിക്കണം. ഈ പ്രമാണം അടുത്തു വരുന്ന തലമുറകളിലെ സന്താനങ്ങൾക്ക് ഉപയോഗപ്രദമായി വരണം. ഇന്നു വരുന്ന വിദ്യാഭ്യാസകാലം ഇവിടത്തെ രാഷ്ട്രീയകാര്യങ്ങളെപ്പറ്റി പിന്തിരിഞ്ഞു നോക്കുമ്പോൾ നമ്മുടെ ഭരണഘടനാചട്ടങ്ങൾ അവയ്ക്ക് ഒരു 'ക്ലാസിക്കു' ആയിട്ടുതന്നെ തീരണം. അതുകൊണ്ട് അത് നല്ല ഭാഷയിൽ അതു് എഴുതിയുണ്ടാക്കണം. അതിലേക്കു വേണ്ട പാണ്ഡിത്യമുള്ളവർ ഇവിടെതന്നെയുണ്ട്. അതുകൊണ്ട് എനിക്കു നിസ്സംശയമായി പറയുവാനുള്ളതു് ഈ പ്രതിനിധിസഭ നിശ്ചയിക്കേണ്ടതു്; ഇവിടത്തെ നടപടികൾ എല്ലാം മാതൃഭാഷയിൽതന്നെ നടത്തണമെന്നാണ്. ഭാവിയിൽ മാതൃഭാഷയിൽ സംപൂർണ്ണ വിദ്യാഭ്യാസം നൽകുന്നതിനും കൂടി അതു് പ്രയോജനപ്പെട്ടേക്കും.

അതേ മുണ്ടിക്കാണിച്ചു; തിരഞ്ഞെടുപ്പു പ്രചരണത്തിനായി ഇറങ്ങിയപ്പോൾ ഇംഗ്ലീഷുഭാഷയിൽ പ്രസംഗങ്ങൾ നടത്തിയിരുന്നു എങ്കിൽ ഈ പ്രതിനിധിസഭയിലെ ഒരു മെമ്പറായി തിരഞ്ഞെടുക്കപ്പെടുമോ എന്നു; അതു ശരിയാണു. തിരഞ്ഞെടുപ്പിൽ വിജയം പ്രാപിക്കുവാൻ എനിക്കു ഒട്ടൊക്കെ പരിശ്രമിക്കേണ്ടിവന്നു. പ്രചരണയോഗങ്ങളിൽ പ്രസംഗങ്ങൾ നടത്തേണ്ടതായും വന്നു. അപ്പോഴെല്ലാം മലയാളത്തിൽ തന്നെയാണു ഞാൻ സംസാരിച്ചതു്. മലയാളത്തിൽ സംസാരിച്ചില്ലായിരുന്നു എങ്കിൽ എനിക്കു വിജയിക്കുവാൻ കഴിയുമായിരുന്നില്ല. കുറച്ചുകൊല്ലങ്ങൾക്കുള്ളിൽ ഇംഗ്ലീഷിൽ ആരും പറഞ്ഞുകൂടാ എന്നൊരു നിലയാണു് ഇനി വരുവാൻ പോകുന്നതു്. എട്ടോ പത്തോ കൊല്ലങ്ങൾക്കു മുമ്പു ഇവിടെ നടത്തുന്ന പ്രസംഗം ഇംഗ്ലീഷിൽ ആയിരിക്കുന്നില്ലെങ്കിൽ സദസ്സിന്റെ ഇടയിൽ ഒരു ബഹളം ഉണ്ടാകുമായിരുന്നു. പ്രസംഗം ഇംഗ്ലീഷിൽ നടത്തണമെന്നു അവർ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ ഇംഗ്ലീഷിൽ പറയുവാൻ അല്പം സംശയിക്കേണ്ടിയിരിക്കുന്നു. നാം അതു് അറിയണം. നല്ല ഒരു ലക്ഷണമാണു. ഈ മനോഭാവത്തെ പരിപോഷിപ്പിക്കേണ്ടതാണു് നമ്മുടെ കടമ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് മി. രാമകൃഷ്ണപിള്ളയുടെ ഭേഗതിയെ ഞാൻ പിൻതാങ്ങുന്നു. ഇതിനു യാതൊരു എതിർപ്പും ഉണ്ടാകയില്ലെന്നു ഞാൻ ആശിക്കുന്നു.

MR. V. GANGADHARAN NAIR (*Quilon III - General*) : ഇതുവരെയും ഭേഗതിയെ അനുകൂലിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ ആണ് നടന്നതു. ഇനി അതിനെ എതിർക്കുന്നവരുണ്ടെങ്കിൽ അതിനെപ്പറ്റിയും അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹിക്കുന്നു.

MR. V. K. VARGHESE : സർ, ഞാൻ ഈ ഭേഗതിയെ എതിർക്കുകയാണ് ചെയ്യുന്നതു. ഭേഗതിയെ അനുകൂലിച്ചു താഴെകാണും രണ്ടു വാദമുഖങ്ങളാണ് ഇവിടെ കൊണ്ടുവന്നതു്. അവയിൽ ഒന്നാമത്തേതു മാതൃഭാഷയെ പ്രോത്സാഹിപ്പിച്ചു ദേശീയബോധം ശക്തിപ്പെടുത്തണമെന്നും, രണ്ടാമത്തേതു് ഇംഗ്ലീഷു ഭാഷ ഉപയോഗിക്കുന്നതുകൊണ്ടു പല അംഗങ്ങൾക്കും ഈ കാര്യങ്ങൾ മനസ്സിലാകുന്നതിനു് സാധിക്കാത്ത വരുമെന്നും ആണ്. ഈ സഭയിൽ ഏതെങ്കിലും ഒരു ഭാഷ മാത്രം ഉപയോഗിച്ചാൽ ഇംഗ്ലീഷോ, മലയാളമോ, തമിഴോ ഉപയോഗിച്ചാൽ ഏതായാലും എല്ലാവർക്കും മനസ്സിലാകുന്നില്ല. ഇംഗ്ലീഷു മാത്രം സംസാരിച്ചാലും എല്ലാവർക്കും മനസ്സിലാകുന്നില്ല. മലയാളം മാത്രം സംസാരിച്ചാലും എല്ലാവർക്കും മനസ്സിലാകുകയില്ല. അതുപോലെ തമിഴുമാത്രം സംസാരിച്ചാലും എല്ലാവർക്കും മനസ്സിലാകുകയില്ല.

MR. THARIATHU KUNJITHOMMAN: മലയാളത്തിൽ സംസാരിച്ചാൽ മനസ്സിലാകാത്തവർ ആരെല്ലാമാണെന്നു് അറിഞ്ഞാൽ കൊള്ളാം.

MR. V. K. VARGHESE : ഇന്നലെ അങ്ങനെ ഉണ്ടായിരുന്നു. ഇംഗ്ലീഷിൽ പറയുന്ന കാര്യങ്ങൾ ഉടനെതന്നെ മലയാളത്തിലും മലയാളത്തിൽ പറയുന്ന കാര്യങ്ങൾ തമിഴിലും തമിഴിൽ പറയുന്നവ മലയാളത്തിലും തർജ്ജമചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ഇവിടെ നടന്നു. ഒന്നാമത്തെ സംഗതിയെപ്പറ്റി എനിക്കു പറയുവാനുള്ളതു് മാതൃഭാഷയെ ശക്തിപ്പെടുത്തി ദേശീയബോധം ഉളവാക്കുന്നതിനെപ്പറ്റി എനിക്കു് അഭിപ്രായവ്യത്യാസമില്ല. നാം ഇവിടെ സംസാരിക്കുന്ന കാര്യങ്ങൾ മലയാളത്തിലോ തമിഴിലോ ആയിരിക്കേണ്ടതും നടപടികൾ രേഖപ്പെടുത്തുന്നതു് ഇംഗ്ലീഷിൽ ആയിരിക്കേണ്ടതുമാണു്. നിയമം മലയാളത്തിൽ ആക്കുക എന്നുള്ളതു അവസാനത്തെപ്പടിയാണു്. മാതൃഭാഷ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Varghese]

വികസിക്കുന്നതു പടിപടിയായിട്ടാണു്. പല മാറ്റങ്ങളും ഇൻഡ്യയിൽ ഉണ്ടായിട്ടും ഇന്നും അവിടെ നിയമങ്ങൾക്കും നടപടികൾക്കും മറ്റും ഉപയോഗിക്കുന്നതു് ഇംഗ്ലീഷു് ഭാഷയാണു്.

MR. THARIATHU KUNJITHOMMAN : ഇംഗ്ലീഷുകാർ ഇവിടെ വരുന്നതിനു മുമ്പു് മനുസ്മൃതി മുതലായ ഗ്രന്ഥങ്ങൾ ഇവിടെ ഇല്ലായിരുന്നോ ?

MR. V. K. VARGHESE : അന്യരാജ്യങ്ങളുമായിട്ടുള്ള ബന്ധം തിരുവിതാംകൂറിനു ഇരിക്കുന്നതുകൊണ്ടു് നമ്മെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷുഭാഷ ഉപയോഗിക്കണമെന്നാണു എന്റെ അഭിപ്രായം. സംസാരത്തെ സംബന്ധിച്ചിടത്തോളം മലയാളംതന്നെ സംസാരിക്കണം എന്നാണു എന്റെ അഭിപ്രായം. എന്നാൽ ഭരണഘടനാപരമായ നടപടികൾ ഇംഗ്ലീഷിൽ തന്നെ ആയിരിക്കേണ്ടതാണു്. പഴയ നിയമസഭകളിൽ ഇംഗ്ലീഷുഭാഷ കൈകാര്യം ചെയ്തുകൊണ്ടിരുന്ന പല മെമ്പറന്മാരും ഇപ്പോൾ ഇവിടത്തെ മെമ്പറന്മാരാണു്. ഭരണഘടനാപരമായി ഇംഗ്ലീഷുഭാഷ ഉപയോഗിച്ചാൽ മാത്രമേ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു എളുപ്പം സാധിക്കുകയുള്ളൂ. ഈ ഭേദഗതി ഉണ്ടാകുന്നതുമൂലം രാജ്യത്തിനുണ്ടാകുന്ന വിഷമങ്ങൾ വളരെയാണു്. അതുകൊണ്ടു് ക്രമേണ മലയാളത്തിൽ വരുത്തിയാൽ മതിയെന്നാണു് ഞങ്ങളുടെ താല്പര്യം. നിയമം മലയാളത്തിൽ ആയാൽ കോടതികളിൽ വളരെ വിഷമം ഉണ്ടാകും.

MR. P. K. KUNJU : ഹൈക്കോടതി സംസ്ഥാനത്തിലെ നടപടികൾ എല്ലാം അവിടത്തെ മാതൃഭാഷയായ ഉറുദുവിലാണെന്നു മെമ്പർക്കു് അറിയാമോ ?

MR. V. K. VARGHESE : അവിടത്തെ ഔദ്യോഗികഭാഷ ഇംഗ്ലീഷായിരുന്നു എന്നറിയാം.

MR. P. K. KUNJU : ഇതിനകം അതു് ഉറുദുവായി രൂപാന്തരപ്പെടുത്തിയിട്ടുണ്ടെന്നു മെമ്പർക്കറിയാമോ ?

MR. V. K. VARGHESE : അങ്ങനെ അവിടെ രൂപാന്തരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവിടെ അതുയും കുഴപ്പങ്ങളും കാണും. നിലവിലിരിക്കുന്ന രീതിയിൽ നിയമവും, നടപടികളും ഇംഗ്ലീഷിൽ ആക്കുകയും സംസാ

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നതും മറ്റും മലയാളത്തിൽ അനുക്കുകയും ചെയ്യാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് എനിക്ക് ഇതിനെ പിൻതാങ്ങുന്നതിന് നിവൃത്തിയില്ല. നിയമം ഇംഗ്ലീഷിൽ അല്ലാതിരുന്നാൽ നിയമത്തിന്റെ അസ്സൽ മലയാളമോ തമിഴോ ഏതു വേണമെന്നുള്ള പ്രശ്നവും ഉത്ഭവിക്കുന്നതാണ്.

MR. P. T. CHACKO: മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ എതിർക്കുന്നതിനും, അദ്ദേഹത്തെ പിൻതാങ്ങിയവരുടെ ഭേദഗതികളെ അനുകൂലിക്കുന്നതിനുമാണ് ഞാൻ ഇവിടെ നിർബന്ധിതനായിരിക്കുന്നത്. മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കണമെന്നുള്ള, മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ പിൻതാങ്ങിയ മി. പാണ്ടവത്തു ശങ്കരപ്പിള്ളയും, മി. കെ. കെ. ചെല്ലപ്പൻപിള്ളയും അവതരിപ്പിച്ച പ്രമേയങ്ങളോട് എനിക്കു യോജിപ്പാണുള്ളത്.

MR. MANNAR K. GOPALAN NAIR: അവർ ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടോ ?

MR. P. T. CHACKO: മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ പിൻതാങ്ങിക്കൊണ്ടു അവർ പുറപ്പെടുവിച്ച അഭിപ്രായത്തോട് അനുകൂലിക്കുകയും, എന്നാൽ മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ എതിർക്കുകയും ചെയ്യുന്ന ഒരു വിചിത്രമായ നിലയിലാണു ഞാൻ നിൽക്കുന്നത്. മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതി സ്വീകരിക്കുന്ന പക്ഷം ഇവിടെ മലയാളവും തമിഴും അല്ലാതെ ഇംഗ്ലീഷുഭാഷ ഉപയോഗിക്കാൻ പാടില്ലെന്നു വരുന്നതാണ്. മാതൃഭാഷയോട് സ്നേഹക്കുറവുണ്ടായിട്ട് പറയുന്നതല്ല. മാതൃഭാഷ വളർത്തണമെന്നു്, അദ്ദേഹത്തെപ്പോലെ കഴിവില്ലെങ്കിലും ആഗ്രഹിക്കുന്ന ഒരുവനാണ് ഞാൻ. എങ്കിലും ഈ ഭേദഗതിയെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ ഭേദഗതിയെ അനുകൂലിച്ചവർ പല കാരണങ്ങളും നമ്മുടെ ചിന്തയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ട്. പ്രായോഗികമായ കാര്യങ്ങളെപ്പറ്റി ചിന്തിച്ച് ഇവിടെ നടക്കുന്ന കാര്യങ്ങൾ കാര്യക്ഷമമാക്കിത്തീർക്കുന്നതിനുവേണ്ടി, നമ്മെ എന്തിനുവേണ്ടിയാണോ ഈ സഭയിലേക്കു തിരഞ്ഞെടുത്തു അയച്ചിരിക്കുന്നത്, ആ കാര്യങ്ങൾ പ്രയോഗത്തിൽ വരുത്താൻവേണ്ടി ബഹുമാനപ്പെട്ട മെമ്പറന്മാർ ആലോചിച്ചു പ്രവർത്തിക്കണമെന്നേ എനിക്ക് അപേക്ഷയുള്ളൂ. ദേശാഭിമാനത്തിന്റെ കാര്യമാണു ഇവിടെ ആദ്യമായി പറഞ്ഞത്. ദേശാഭിമാനം എന്നാൽ ഭാഷയെ സ്നേഹിക്കുകമാത്രമല്ല. ദേശാഭിമാനത്തിന്റെ രീതിതന്നെ ഇപ്പോൾ മാറിവന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

സർ, സങ്കുചിതമായ ദേശാഭിമാനം ഒരു കാലത്തു് നിലനിന്നിരുന്നു. ഇന്നു് അങ്ങിനെ അല്ല. സങ്കുചിതമായ ദേശാഭിമാനത്തിന്റെ പേരിൽ ചാലയിലെ ജനങ്ങളും പേട്ടയിലെ ജനങ്ങളും തമ്മിൽ ഒരു കാലത്തു് വഴക്കുകളുണ്ടാക്കിയിരിക്കണം. ഇന്നാരും അങ്ങിനെ ചെയ്യുകയില്ല. തിരുവിതാംകൂർ മറ്റുള്ളവരിൽ നിന്നു് വ്യത്യസ്തമായി നിൽക്കുക എന്നതാണു് ദേശാഭിമാനത്തിനു് യോജിച്ചതു് എന്നു് സർ സി. പി. യുടെ സ്വതന്ത്ര തിരുവിതാംകൂർ കാലത്തു് ഇവിടത്തെ ജനങ്ങൾ വാദിച്ചു. പണ്ഡിറ്റു് നെഹ്രുവിന്റെ നാമം ഇവിടെ കൊണ്ടുവരപ്പെട്ടു. പണ്ഡിറ്റുനെഹ്രു സങ്കുചിതമായ ദേശാഭിമാനത്തിനുവേണ്ടി നിൽക്കുന്ന ഒരു മഹാൻ അല്ലെന്ന വസ്തുത ഇവിടെ അനുസ്മരിപ്പിച്ചു കൊള്ളട്ടെ. അദ്ദേഹം ഒരു രാജ്യത്തിനുവേണ്ടിയല്ല നിൽക്കുന്നതു്; ലോകം മുഴുവൻ ഒരു ഫെഡറേഷനായിട്ടു നിന്നു്, മനുഷ്യവർഗ്ഗം പരസ്പരം സ്നേഹത്തോടുകൂടി ജീവിക്കുന്ന അഭികാമ്യമായ ഒരു വ്യവസ്ഥിതി പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ടിയാണു് പണ്ഡിറ്റുനെഹ്രു നിലകൊള്ളുന്നതു്. ഈ അവസരത്തിലാണു് നാം മലയാളത്തെ വളർത്താൻ വേണ്ടി, ദേശാഭിമാനത്തിന്റെ പേരിൽ കാര്യക്ഷമതയെ ഹനിക്കാൻ തയ്യാറാകുന്നതു്. മാതൃഭാഷയെ പുലർത്താൻ യാതൊരു വിഷമവും നമുക്കില്ല. അതിനു ഒരു അക്കാഡമി സ്ഥാപിക്കുന്ന കാര്യത്തിൽ എനിക്കും വലിയ താല്പര്യമുണ്ടു്. എന്നാൽ റെപ്രസന്റേറ്റീവു് ബാഡിയിൽ വന്നിട്ടുള്ള അംഗങ്ങളെ ഒരു ക്ലാസിൽ സൃഷ്ടിക്കുന്നതിനോ, ഗാഥ എഴുതുന്നതിനോ, കിളിപ്പാട്ടു ചമയ്ക്കുന്നതിനോ അല്ല ഇവിടെ അയച്ചിരിക്കുന്നതു. തിരുവിതാംകൂറിലെ ജനങ്ങൾക്കു് സുഖകരമായ രീതിയിൽ ജീവിക്കാനും, ഇവിടത്തെ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ അനുഭവപ്രദമാക്കുന്നതിനും വേണ്ടി ആലോചിച്ചു് ഒരു ഭരണഘടന എഴുതി ഉണ്ടാക്കാൻ വേണ്ടിയാണു് നമ്മെ തിരഞ്ഞെടുത്തു അയച്ചിരിക്കുന്നതു് എന്ന സംഗതി ഓർക്കണം. നിയമം എഴുതി ഉണ്ടാക്കുന്നതു എല്ലാവർക്കും ഹിതമായ ഭാഷയിൽ ആയിരിക്കണമെന്നും, അതു മാതൃഭാഷയിലായിരിക്കണമെന്നും പറയുകയുണ്ടായി. അതൊരു ക്ലാസ്സിക്കു ആയിരിക്കണമെന്നു് മി. രാമചന്ദ്രൻ പറഞ്ഞു. നമ്മുടെ ശ്രമം ഒരു ക്ലാസ്സിക്കു് എഴുതി ഉണ്ടാക്കുന്നതിനാണെങ്കിൽ, കിളിപ്പാട്ടിലോ കേകയിലോ ഭരണഘടന എഴുതേണ്ടിവരും. അതിനാണെങ്കിൽ, നാലോ, അഞ്ചോ സാഹിത്യകാരന്മാരെ തിരഞ്ഞെടുത്തു നിയോഗിച്ചാൽ അവർ തയ്യാറാക്കിക്കൊള്ളും. അതിനു നമ്മുടെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. G. RAMACHANDRAN : സർ, ഒരു മെമ്പർ പ്രസ്താവിച്ചിട്ടുള്ളതിനെ, മറ്റൊരു മെമ്പർ അബദ്ധമായി ഉദ്ധരിച്ച് ചിത്രീകരിച്ചാൽ അതിനെക്കുറിച്ചു. ചോദ്യം ചെയ്യാനുള്ള അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതിനു ഒരു റൂളിംഗ് വേണമെന്ന് അപേക്ഷിക്കുന്നു.

MR. P. T. CHACKO : സർ, ഞാൻ ആരുടേയും പ്രസംഗം അബദ്ധമായി ചിത്രീകരിക്കുന്നില്ല. ഇതുപോലെ ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതിനു പ്രസംഗം അവസാനിച്ചശേഷം തയ്യാറാണ്. ഭദ്രമായ ഒരു ഭരണഘടന എഴുതി ഉണ്ടാക്കാനാണു നമ്മെ ഇവിടെ തിരഞ്ഞെടുത്തയച്ചിരിക്കുന്നതു. നിയമപരമായി അതു് ക്ലിപ്തമായ അർത്ഥത്തോടുകൂടിയതായിരിക്കണം. അല്ലാതെ കുമാരനാശാന്റെ കരുണ സാധാരണക്കാർ മുഴുപ്പട്ടിണിയായിപ്പോടി രസിക്കാറുള്ളതുപോലെ, സാമാന്യജനങ്ങൾക്കുകൂടി പാടിരസിക്കാവുന്ന ഒരു ക്ലാസ്സിക്ക് ഉണ്ടാക്കാനല്ല നമ്മെ തിരഞ്ഞെടുത്തയച്ചിരിക്കുന്നതു. അതിനാണെങ്കിൽ നല്ല കവിതയെഴുത്തറിയാവുന്നവരെ അതിൽ നല്ല പ്രാവീണ്യം സിദ്ധിച്ചിട്ടുള്ളവരെ തിരഞ്ഞെടുക്കേണ്ടിവരും. അതിനുള്ള കപ്പാളിഫിക്കേഷൻ ക്രമീ നിശ്ചയിക്കണം. മാതൃഭാഷയോടുള്ള സ്നേഹംകൊണ്ടും, ഇംഗ്ലീഷുഭാഷയോടുള്ള വെറുപ്പുകൊണ്ടും ഇംഗ്ലീഷുഭാഷയുടെതായ കാരണവശാലും ഇവിടെ ഉപയോഗിച്ചുകൂടാ എന്നും, തമിഴോ മലയാളമോ മാത്രമേ പാടുള്ളൂ എന്നും പറയുന്നതു തെറ്റാണ്. മലയാളവും തമിഴും മാത്രമേ നമ്മുടെ മാതൃഭാഷയായുള്ളൂ എന്നു ഇവിടെ പറയുകയുണ്ടായി. മലയാളവും തമിഴും മാത്രമല്ല ഈ രാജ്യത്തെ മാതൃഭാഷ. ഇവിടെ വെട്ടുവന്മാർ, പളിയന്മാർ തുടങ്ങിയ ചില വിഭാഗക്കാരുണ്ട്. എന്നും ന്യൂനപക്ഷമാകയാൽ ഈ സഭയിൽ തിരഞ്ഞെടുക്കപ്പെടാത്തവരായ അവരുടെ ഭാഷ മലയാളവുമല്ല, തമിഴുമല്ല. ഭരണഘടന മലയാളത്തിലും തമിഴിലും മാത്രം എഴുതുമ്പോൾ അവരുടെ ഭാഷയായ വെട്ടുവഭാഷയിലും,പളിയഭാഷയിലും കൂടി എഴുതേണ്ടിവരും. എന്നാൽ ആ ഭാഷകളിൽ കൂടി എഴുതണമെന്നു ഇവിടെ ആരും വാദിക്കുന്നതായി കേട്ടില്ല. നമ്മുടെ ഭരണഘടന എഴുതി ഉണ്ടാക്കുന്നതു വെട്ടുവന്റെയും പളിയന്റെയും ഭാഷയിലല്ല വേണ്ടതു്. നമ്മുടെ രാജ്യവും അന്യരാജ്യങ്ങളും തമ്മിലുള്ള ബന്ധം പോലും ഇതിൽ വരുന്നതാണ്. ഇൻഡ്യയിലെ എല്ലാ രാജ്യക്കാർക്കും മനസ്സിലാകുന്ന ഭാഷയിലും നിയമവ്യാഖ്യാനത്തിനു സൗകര്യമുള്ള ഭാഷയിലും ഏറ്റവും പരിഷ്കൃതമായ രീതിയിൽ ഇവിടത്തെ ഭരണഘടന

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko.]

എഴുതി ഉണ്ടാക്കുകയാണു വേണ്ടതു്. അതു് മാതൃഭാഷയിൽ മാത്രമെ എഴുതാവൂ എന്നു വാദിക്കുന്നതു പല വിഷമങ്ങൾക്കും ഇടവരുത്തും. ഈ കാര്യത്തിൽ ഇന്ന ഭാഷയായിരിക്കണമെന്നുള്ളതല്ല പ്രധാനമായി നോക്കേണ്ടതു്. മി. മന്നത്തു പത്മനാഭപിള്ള പറഞ്ഞതിനോടു് എനിക്കു പരിപൂർണ്ണമായ യോജിപ്പാണുള്ളതു്. അദ്ദേഹം, മലയാളത്തിനു കൂടുതൽ സ്ഥാനം കൊടുക്കണം; തമിഴിനു അതു കഴിഞ്ഞുള്ള ഒരു സ്ഥാനം കൊടുക്കണം; ഇംഗ്ലീഷിനു ഇതു രണ്ടും കഴിഞ്ഞു മൂന്നാമത്തെ സ്ഥാനം കൊടുക്കണം എന്നു് മഹാമനസ്കതയോടെ പറഞ്ഞു.

MR. MANNATHU PADMANABHA PILLAI : ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

MR. P. T. CHACKO : അങ്ങനെ പറഞ്ഞു എന്നാണു് എന്റെ കാമ്മ. എന്റെ പ്രായത്തിലും അനുഭവത്തിലും എനിക്കു ഓർമ്മപ്പിശകു വന്നിട്ടില്ല. അതുകൊണ്ടു പറഞ്ഞതാണു്. അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ ആ ഭാഗം ഞാൻ പിൻവലിക്കുന്നു.

മഹാത്മജി, ദേശീയഭാഷയായിരിക്കണം ഉപയോഗിക്കേണ്ടതെന്നു പറഞ്ഞിരിക്കുന്നുവത്രെ. മഹാത്മജി പറഞ്ഞിട്ടുള്ളതു എന്താണെന്നും, നാം ഇവിടെ ചർച്ച ചെയ്യുന്നതെന്താണെന്നും മറ്റും വിശദമായി ഇപ്പോൾ പറയേണ്ട ആവശ്യമില്ല. നമ്മുടെ അമ്മയോടു സ്നേഹം വേണമെന്നു പറയുന്നതുപോലെ മാതൃഭാഷയോടും സ്നേഹം വേണമെന്നു പറയാം. മാതൃഭാഷ ഇഷ്ടമുള്ളതെങ്കിലും അതു മാത്രമെ ഉപയോഗിക്കാവൂ എന്നു പറയുന്നതു് പാൽപ്പായസം വളരെ ഇഷ്ടമാണെങ്കിലും എപ്പോഴും പാൽപ്പായസം മാത്രമെ ഉപയോഗിക്കുകയുള്ളൂ എന്നു നിർബന്ധം പിടിക്കുന്നതുപോലെ അർത്ഥശൂന്യമായിരിക്കും; അപ്രായോഗികമായിരിക്കും. എന്റെ ഭാര്യയോടും അമ്മയോടും എനിക്കു വളരെ സ്നേഹമാണു്. എന്നാൽ നല്ല ഒരു പലഹാരം വേണമെന്നുള്ളപ്പോൾ, അതു ഭാര്യയോ അമ്മയോ തയ്യാറാക്കിത്തന്നാൽ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നു ശാഠ്യം പിടിക്കുകയില്ല. അവക്കതു പരിചയമില്ലെങ്കിൽ, അവർ തന്നെ അതു ഉണ്ടാക്കിയാൽ കരിച്ചുപൊരിച്ചു ഉപയോഗശൂന്യമാക്കുമെന്നുള്ളതുകൊണ്ടു അവർതന്നെ ഉണ്ടാക്കണമെന്നുള്ള നിർബന്ധം എനിക്കില്ല. മാതൃഭാഷയായ മലയാളം അറിഞ്ഞുകൂടെന്നും, നല്ല കവിതകളും, കിളിപ്പാട്ടുകളും, മറ്റു സാഹിത്യപ്രബന്ധങ്ങളും മലയാള

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിൽ ധാരാളമുണ്ടെന്നും ഇവിടെ പറയുകയുണ്ടായി. അതു ഞാൻ സമ്മതിക്കുന്നു. മലയാളത്തിൽ, നല്ല നോവലുകളുണ്ട്; കവിതാപ്പാട്ടുണ്ട്; ഗാഥയുണ്ട്, ക്ലാസിക്കായ പുരപ്പാട്ടുകളുണ്ട്.

MR. MANNATHU PADMANABHA PILLAI : ഇതെല്ലാം എല്ലാ ഭാഷകളിലുമില്ലേ ?

MR. P. T. CHACKO : ഉണ്ട്. എന്നാൽ മലയാളത്തിന്റെ കാര്യം മാത്രം ഞാൻ പറയുകയായിരുന്നു. നല്ല നോവലുകളും മറ്റു ഗ്രന്ഥസമുച്ചയങ്ങളും കൊണ്ടു മലയാളം പുരോഗമിച്ചിട്ടുണ്ടെങ്കിലും; സിവിക്സും, കെമിസ്ട്രിയും മലയാളത്തിൽ പഠിപ്പിക്കുന്ന ഇക്കാലത്തു് ആ വിഷയങ്ങളെ ആസ്പദമാക്കി എത്ര ടെക്സ്റ്റു പുസ്തകങ്ങളുണ്ടായിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു? കോൺസ്റ്റിട്ടൂഷണൽ ലാ സംബന്ധിച്ചു മലയാളത്തിൽ എത്ര പുസ്തകങ്ങൾഉണ്ടായിട്ടുണ്ടെന്നുംഞാൻ ചോദിച്ചുകൊള്ളട്ടെ. വല്ലതും പറഞ്ഞു നാം വൃഥാ അഭിമാനംകൊണ്ടാൽ പോരാ. വാസ്തവത്തിൽ ഇന്നു മലയാളം ദരിദ്രമാണു്. മൂന്നുതരം ദരിദ്രമാണെന്നാണു് എന്റെ അഭിപ്രായം.

MR. MANNATHU PADMANABHA PILLAI : അതിലേക്കു് എന്തെങ്കിലും നിവാരണമാർഗ്ഗങ്ങൾ നമുക്കു് ഉണ്ടാക്കിക്കൂടെ ?

MR. P. T. CHACKO : വേണം. എന്നാൽ അതു് ഈ സഭയിലല്ല മഹാരാജാവുതിരുമനസ്സിലെ പ്രഖ്യാപനത്തിനനുസരണമായി തിരുവിതാംകൂറിന്റെ ഭരണഘടന എഴുതിയുണ്ടാക്കാനാണു നാം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. നമ്മുടെ ഭാരമേറിയ കർത്തവ്യത്തെ നാം ശരിയായി നിറവേറ്റുകയാണു നമുക്കു് അത്യാവശ്യമായി ചെയ്യുവാനുള്ളതു്. അല്ലാതെ മലയാളഭാഷയെ വളർത്താനുള്ള മാർഗ്ഗങ്ങളല്ല നാം പ്രധാനമായി ആരായേണ്ടതു്.

സർ, ഫോറംവകുപ്പിനെ ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ടു്. ഇതു പാസ്സായാലും ഇല്ലെങ്കിലും, ഫോറം വകുപ്പു് കഴിഞ്ഞു ഇപ്പോഴത്തെ ഫൈനാം വകുപ്പു് തുടങ്ങുന്നതിനു് മുമ്പു ഫൈനാം വകുപ്പായി ചേർക്കുന്നതിനാണു് ആ ഭേദഗതി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അതു ഇപ്പോൾ ആലോചനയ്ക്കു വന്നിട്ടില്ലാത്തതിനാൽ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. മാതൃഭാഷയെ സ്നേഹിക്കുകയും അതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനം കൊള്ളുകയും ചെയ്യുന്നതും ഭാഷക്ക് വികസനം ആഗ്രഹിക്കുന്നതും നല്ലതുതന്നെ. എന്നാൽ നാം ഉണ്ടാക്കുന്ന ഭരണഘടന കായ്ക്ഷമമായിരിക്കണമെന്നുള്ളതാണ് പ്രധാനകാര്യം. ഇംഗ്ലീഷു് ആവശ്യമായി പറയണമെന്നുള്ളപ്പോൾ ഇംഗ്ലീഷിൽ സംസാരിക്കുന്നതിനുള്ള അനുവാദം നിഷേധിക്കാവുന്നതല്ല.

സർ, ഇംഗ്ലീഷുവാക്കുകൾക്ക് മലയാളത്തിൽ പദങ്ങളില്ല. അവ എഴുതുവാൻ വളരെ വിഷമമാണ്. കാൺസ്റ്റിട്ട്യൂഷൻ, ഫിസിക്സ്, കെമിസ്ട്രി ഇത്യാദി പദങ്ങൾക്ക് ഭാഷയിൽ തത്തുല്യപദം ഇല്ല. ഒരു ഭരണഘടന എഴുതി ഉണ്ടാക്കുമ്പോൾ, അന്യഭാഷകളിൽനിന്നും പദങ്ങൾ കടം എടുത്തു എഴുതി ഉണ്ടാക്കാമെന്ന് പറയുണ്ടായി. എന്നാൽ കുറെ മലയാളവും കുറെ ഇംഗ്ലീഷും ചേർത്തു ഒരു ഭരണഘടന എഴുതിയുണ്ടാക്കാമോ? ഇംഗ്ലീഷിലുള്ള ചില വാക്കുകളുടെ മലയാളത്തിലുള്ള വിവർത്തനം പലപ്പോഴും ശരിയായിരിക്കുകയില്ല. 'ബായിലിംഗ്വൽ പായിൻറ്' എന്ന ഇംഗ്ലീഷു പദത്തിനുള്ള മലയാള തർജ്ജിമ എന്താണെന്ന് ഇവിടെ പറയുവാൻപോലും നിവൃത്തിയില്ല. സഭ്യമല്ലാത്ത അർത്ഥമാണ് ആ മലയാള പദത്തിനുള്ളത്. സാങ്കേതികപദങ്ങളെ സംബന്ധിച്ച് പല കുഴപ്പങ്ങളും ഉണ്ടാകാറുണ്ട്. ഇന്നലെത്തന്നെ 'പ്രൊപ്പോഷണൽ റെപ്രസന്റേഷൻ' എന്ന ഒരു വാക്ക്, മലയാളത്തിൽ വളരെ വളച്ചുകെട്ടി പറയേണ്ടിവന്നു. അതുപോലെ 'പായിൻറ് ഓഫ് ഓർഡർ' എന്നതിനു മലയാളത്തിൽ എന്തു പറയണമെന്നു അറിഞ്ഞുകൂടാ. ഈ വിധത്തിലുള്ള ന്യൂനതകൾ പരിഹരിക്കാൻ ഒരു പ്രത്യേക ഡിക്ഷണറി ഉണ്ടാക്കി, എല്ലാവർഷം കൊടുക്കേണ്ടിവരും. ഇൻഡ്യൻ കാൺ അസംബ്ലിയിൽ ചർച്ചിൽ നെഹ്റു ലക്ഷ്യപ്രഖ്യാപന പ്രമേയം അവതരിപ്പിച്ചതുതന്നെ ഇംഗ്ലീഷിലാണ്. ഇന്നത്തെ ഇൻഡ്യൻ ഭരണഘടനയുടെ ഡ്രാഫ്ടും ഇംഗ്ലീഷിലാണ്.

ഈ സഭയിലെ നടപടികളെ സംബന്ധിച്ചിടത്തോളം, മലയാളത്തിൽ സംസാരിക്കാൻ കഴിവുള്ളവർ മലയാളത്തിലും, തമിഴ് സംസാരിക്കണമെന്നുള്ളവർ തമിഴിലും, ഈ രണ്ടു ഭാഷയിലുമല്ലാതെ ഇംഗ്ലീഷിൽ സംസാരിക്കേണ്ടതായിവരുന്ന അവസരത്തിൽ ആ ഭാഷയിലും സംസാരിക്കുന്നതിനു അനുവാദം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതുപോലെ കാരണങ്ങളാൽ മി. രാമകൃഷ്ണപിള്ളയുടെ ഭേദഗ

LIBRARY ARCHIVES Kerala Legislative Assembly

തിയെ ഞാൻ എതിർക്കുകയും ആ ഭേദഗതി പാസ്സാക്കുകയാണെങ്കിൽ, നാം എഴുതിയുണ്ടാക്കുന്ന ഭരണഘടന ഒന്നിനും കൊള്ളരുതാത്തതായി പരിണമിക്കുമെന്ന് അനുസ്മരിപ്പിക്കുകയും ചെയ്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

MR. C. NARAYANA PILLAI (*Mavelikara I-General*):

സർ, ഇങ്ങനെ ഒരു വാദപ്രതിവാദം ലോകത്തിൽ എവിടെയെങ്കിലും നടന്നിട്ടുണ്ടോ എന്നു സംശയമാണ്. തിരുവിതാംകൂർ ജനപ്രതിനിധിസഭയിലെ ഔദ്യോഗികഭാഷ മലയാളവും തമിഴുമായിരിക്കണമൊ, അതോ ഇംഗ്ലീഷുംകൂടി ആകാമോ എന്നുള്ളതാണ് ഇവിടത്തെ വാദവിഷയം. യൂറോപ്യൻ സംസ്കാരത്തിന്റെ ചിഹ്നമാണ് ഫ്രഞ്ചുഭാഷ എന്നാൽ, ഇംഗ്ലണ്ടിലെ ഔദ്യോഗിക ഭാഷ ഫ്രഞ്ചു ആയിരിക്കണമെന്ന് ബ്രിട്ടീഷ് പാർലമെന്റിൽ വാദപ്രതിവാദം നടന്നതായി കേട്ടിട്ടില്ല. ജപ്പാനിലും, ചൈനയിലും അവിടത്തെ ഔദ്യോഗിക ഭാഷ ഇംഗ്ലീഷ് ആയിരിക്കണമോ, ഫ്രഞ്ചു ആയിരിക്കണമൊ എന്ന വാദം ഉണ്ടായിട്ടില്ല. കഴിഞ്ഞ ൧൫൦൦ കൊല്ലക്കാലത്തെ ബ്രിട്ടീഷു മേധാവിത്വത്തിന്റെ ഫലമായിട്ടാണ് അവരുടെ ഭാഷയായ ഇംഗ്ലീഷു നമ്മെ അടിമപ്പെടുത്തിയത്. റോമാക്കാർ ഇംഗ്ലണ്ടു് ആക്രമിച്ചു് ഭരണം നടത്തിയശേഷം ഒഴിഞ്ഞുപോകുമ്പോൾ അവരുടെ ഭാഷയായ റോമാഭാഷ അവിടെ ആവശ്യമുണ്ടെന്ന ഇംഗ്ലീഷുകാർ വിചാരിച്ചില്ല. കാര്യക്ഷമതയുടെ പേരിൽ ഇംഗ്ലീഷുഭാഷ ഉപയോഗിച്ചാൽ മാത്രമേ കൃത്യനിർവഹണം സാദ്ധ്യമാകയുള്ളു എന്ന വാദം അംഗീകരിക്കുവാൻ ഞാൻ തയാറല്ല. ഇംഗ്ലീഷുഭാഷ കാര്യക്ഷമമാകയാൽ ഭരണഘടന ഇംഗ്ലീഷിൽ മാത്രമേ എഴുതിയുണ്ടാക്കുവാൻ സാദ്ധ്യമാകയുള്ളു എന്ന ഇവിടെ പറയുകയുണ്ടായി. അതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. കാര്യക്ഷമമായ വിധം ബ്രിട്ടീഷു അധികാരം ഇവിടെ നിലനിന്നകാലത്തു് നാം അവരുടെ അടിമകളായിരുന്നതിനാലാണ് ഭാഷയും നമ്മെ അടിമപ്പെടുത്തിയത്. ഒരു വിദേശഭാഷയെ നമുക്കു കാര്യക്ഷമമാകയുള്ളു, അതുകൊണ്ടു അതു സ്വീകരിക്കണമെന്നു പറയുന്നതു്, ഇനിയും അടിമത്തത്തിന്റെ ശൃംഖല നാം ചുംബിക്കുന്നതിനതുല്യമാണ്. ഒരു സർവരാഷ്ട്രഭാഷയായ ഇംഗ്ലീഷു സുഗമമായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്നതിൽ അഭിമാനം കൊള്ളുന്നു എന്നു് ഇന്നലെ ഒരു മാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. ബ്രിട്ടീഷുകാർ ഈ രാജ്യം വിട്ടുപോയി. എങ്കിലും അവരുടെ ഭാഷ കൂടാതെ നമുക്കു

LIBRARY ARCHIVES Kerala Legislative Assembly

Mr. C. Narayana Pillai.

ജീവിക്കുവാൻ സാദ്ധ്യമല്ലാതെ ഇംഗ്ലീഷ് ഭരണം കാംക്ഷണീയമായിരുന്നതു കൊണ്ടു അതു തുടരണം പോരണമെന്നു പറയാതിരിക്കുന്നതെന്തുകൊണ്ടാണു. എന്റെ അറിവു ശരിയാണെങ്കിൽ, തിരുവിതാംകൂറിലെ നിയമസഭയിലെ ഭാഷ ഇന്നലെവരെ ഇംഗ്ലീഷായിരുന്നു. ഇപ്പോൾ ആ സ്ഥാനത്തു, ജനപ്രതിനിധിസഭാ ചട്ടങ്ങൾ, മൂന്നു ഭാഷകളാണു് നൽകിയിരിക്കുന്നതു്. മലയാളമോ തമിഴോ ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കുമെന്നുള്ളവർ ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാൻ അവസരം കൊടുക്കണമെന്നു് വാദിക്കുന്നതിനേക്കാൾ അവർ സഭയിലെ അംഗത്വം ഉപേക്ഷിക്കുകയാണു നല്ലതു്. മറ്റു ഭാഷകളെക്കാൾ ഇംഗ്ലീഷ് ഭാഷ കാര്യക്ഷമമാണു എന്ന വാദത്തെ ഞാൻ എതിർക്കുന്നു. ഇംഗ്ലീഷു ക്രമേണ ഔദ്യോഗിക ഭാഷയാക്കിയാൽ, ഇന്നുവരെയുള്ള അനുഭവംകൊണ്ടു് ഞാൻ മനസ്സിലാക്കുന്നതു്, മലയാളവും തമിഴും പഴയപോലെ അധഃകൃതരുടെ ഭാഷായായി അവശേഷിക്കുമെന്നുള്ളതാണു്.

MR. P. BALAKRISHNAN THAMPI: May I remind the Honourable Member the biblical adage "Physician heel thyself."

MR. C. NARAYANA PILLAI : എന്റെ പ്രസംഗം മുഴുവൻ അദ്ദേഹം ശ്രദ്ധയോടു കേൾക്കുമെങ്കിൽ അതിൽ ഇതിനു മറുപടി ഉണ്ടായിരിക്കും.

സർ, ഒരൊറ്റ അംഗം എങ്കിലും ഇംഗ്ലീഷ്ഭാഷ അറിയാൻ പാടില്ലാത്ത ഒരൊറ്റ അംഗമെങ്കിലും– ഈ ജനപ്രതിനിധി സഭയിൽ ഉള്ള കാലംവരെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതു് അസ്വീകാര്യമാണു്. ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ള യൂറോപ്യൻമാർ ഈ രാജ്യം ഭരിച്ചിരുന്ന കാലത്തു ഭരണാധികാരികളുടെ ക്രൂരതയിൽ ഇംഗ്ലീഷ്കാരും ഉണ്ടായിരുന്ന കാലത്തു് ഇവിടെ നിലവിലിരുന്ന നിയമസഭയിൽ ഇംഗ്ലീഷ് ഭാഷ സ്വീകരിച്ചിരുന്നു എന്നുള്ളതു് ശരിയാണു്. അതു വെള്ളക്കാക്കു് നമ്മുടെ ഭാഷ മനസ്സിലാക്കുവാൻ വിഷമമായിരുന്നതിനാലാണു്. ഈ പ്രതിനിധി സമിതിയിലെ ഭരണഘടന ഇംഗ്ലീഷിൽ എഴുതി ഉണ്ടാക്കണമെന്നുള്ളതു് ഇന്നലേക്കു മുൻപായിരുന്നു എങ്കിൽ ഞാൻ സ്വീകരിക്കാമായിരുന്നു ഇന്നു ഇവിടെ മലയാള ഭാഷയെപ്പറ്റി ആവേശം കൊള്ളുകയും മലയാള ഭാഷതന്നെ സ്വീകരിക്കണമെന്നു് ആവേശത്തോടുകൂടി ഉൽബോധിപ്പിക്കുകയും ചെയ്തിട്ടുള്ള മെമ്പറന്മാരിൽ പലരും ഇന്നലെ ഇവിടെ ഇംഗ്ലീഷിൽ സംസാരിക്കുന്നതു കേട്ടിട്ടു് അഭിമാനത്തിനു പകരം ലജ്ജയാണുണ്ടാകുന്നതു്. ഈ വ്യവസ്ഥ സ്വീകരിക്കുകയാണെങ്കിൽ ഇംഗ്ലീഷിലും തമിഴിലും മലയാ

LIBRARY ARCHIVES Kerala Legislative Assembly

ളത്തിലും സംസാരിക്കാം. ഇംഗ്ലീഷ് ഭാഷ വ്യാകരണത്തെറ്റൊട്ടുകൂടി അല്ലാതെ സംസാരിക്കുവാൻ സാദ്ധ്യമാണോ ? ഇംഗ്ലീഷ് ഭാഷയ്ക്കു ഒഴിച്ചുകൂടാതെയുള്ള ഒരു നിലയാണ് ഈ രാജ്യകൊണ്ടു് സാധിക്കുന്നതു്.

സർ, ഭാഷയുടെ മാഹാത്മ്യത്തെപ്പറ്റി പറയുകയാണെങ്കിൽ പാശ്ചാത്യ ചരിത്രം വായിച്ചിട്ടുള്ളവർക്കും പഠിച്ചിട്ടുള്ളവർക്കും അറിയാം. യൂറോപ്പിലെ പ്രധാനമായ ഭാഷ ഫ്രഞ്ചു ഭാഷയാണെന്നു അവിടത്തെ ഏറ്റവും സംസ്കാരസമ്പന്നന്മാരുടെ ഭാഷ എന്നുള്ള നിലയിൽ അതു് ഇന്നു വളരെ പ്രസിദ്ധമാണു്. യൂറോപ്പിൽ ഓരോ കുടുംബത്തിലും ഉള്ള അംഗങ്ങളേയും ഫ്രഞ്ചു് ഭാഷ പഠിപ്പിക്കുന്നുണ്ടു്. എന്നാൽ ഇംഗ്ലണ്ടിൽ പാർലമെന്റിൽ വച്ചുകൊണ്ടാണു് ഫ്രഞ്ചു ഭാഷ ഔദ്യോഗിക ഭാഷയായി സ്വീകരിക്കാത്തതു് എന്നു് ഞാൻ ചോദിക്കുന്നു. ജപ്പാനിലും ചൈനായിലും മറ്റുരാജ്യങ്ങളിലും അവരുടെ മാതൃഭാഷക്കാണു് മാഹാത്മ്യം നൽകിയിട്ടുള്ളതു്. എന്തെങ്കിലും അബദ്ധം എഴുതുകയാണെങ്കിലും അതു് എന്റെ മാതൃഭാഷയിലാണു എന്നു് നമുക്കു് അഭിമാനം പുലർത്തത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥയാണു് നാം ഇവിടെ ഉണ്ടാക്കേണ്ടതു്. ഇവിടെ ഭേദഘടന എഴുതിയുണ്ടാക്കുന്നതുപോലും മലയാളത്തിൽതന്നെയായിരിക്കണമെന്നാണു് എന്റെ അഭിപ്രായം. ഇന്നത്തെ പരിതഃസ്ഥിതിയിൽ മി. രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ സ്വീകരിക്കയല്ലാതെ ഗത്യന്തരമില്ല. അദ്ധ്യക്ഷൻ ഇംഗ്ലീഷിൽ പ്രസംഗിക്കുവാൻ ആഗ്രഹിക്കുകിലും അനുവാദം കൊടുക്കുകയാണെങ്കിൽ അദ്ധ്യക്ഷന്റെ മേശപ്പുറത്തു അതിലേക്കുള്ള അപേക്ഷകൾ കൊണ്ടു നിറയും. അതു തടയാൻ വേണ്ടി എങ്കിലും അദ്ധ്യക്ഷൻ ഈ നില നിർത്തിക്കണമെന്നും ഇംഗ്ലീഷ് ഭാഷ പരിപൂർണ്ണമായി ഈ യോഗത്തിൽനിന്നും തിരസ്കരിക്കണമെന്നും പറഞ്ഞുകൊണ്ടു മി: രാമകൃഷ്ണപിള്ളയുടെ ഭേദഗതിയെ പിൻതാങ്ങിക്കൊള്ളുന്നു.

MR. PRESIDENT : ഇനി അഞ്ചുമിനിട്ടേയുള്ളു. അതിനാൽ ചർച്ച നിറുത്തിവക്കുകയും ഇനി സഭ എന്നു കൂടണമെന്നു തീരുമാനിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. രണ്ടുമൂന്നു ദിവസത്തേക്കു സഭ മാറ്റിവക്കണമെന്നാണു് വന്നിരിക്കുന്നതു്. നാളെ അതായതു ഏപ്രിൽ ഫ്രാൻ- ഞായറാഴ്ചയാണു്. ഏപ്രിൽ ഫൂ-ാംനു- ചൊവ്വാഴ്ച വിഷുവായതിനാൽ ഒഴിവുദിവസമാണു്. ദൂരെയുള്ള പല മെമ്പറന്മാർക്കും വീടുകളിൽ പോകേണ്ട ആവശ്യമുണ്ടു്. മേടമാസം നാലാംതീയതി അതായതു ഏപ്രിൽ ഫന്ു-ാംനു- ഈ സഭ വീണ്ടും കൂടത്തക്കവണ്ണം മാറ്റിവയ്ക്കണമെന്നു് മി: അച്യുതൻ ഒരു ലറാർ എഴുതി ഇവിടെ തന്നിട്ടുണ്ടു്. നാലാംതീയതിക്കു

LIBRARY ARCHIVES Kerala Legislative Assembly

Mr. President]

ഇന്നുമുതൽ മുന്നു ദിവസത്തിൽ കൂടുതൽ ഉള്ളതുകൊണ്ടു്, സഭയുടെ അനുവാദം കൂടാതെ എനിക്കു മാറി വയ്ക്കാവുന്നതല്ല. ഈ കാര്യത്തിൽ സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

MR. R. V. THOMAS : മി: അച്യുതൻ തിരുവനന്തപുരത്തുള്ള ആളാണു്. ഞങ്ങളിൽ പലരും ദൂരെയുള്ളവരുമാണു്. അതിനാൽ എത്രയും വേഗം സ്വദേശത്തു പോകുന്നതിനുവേണ്ടി തിങ്കളാഴ്ച തന്നെ വീണ്ടും കൂടണമെന്നാണു് എന്റെ അഭിപ്രായം.

MR. PRESIDENT : സഭ രണ്ടാംതീയതി കൂടിയാൽ മതിയെന്നഭിപ്രായമുള്ളവർ കൈ പൊക്കണം. (രണ്ടു പേർ കൈപൊക്കി) തിങ്കളാഴ്ച തന്നെ കൂടണമെന്നു് അഭിപ്രായമുള്ളവർ കൈപൊക്കണം (ഇരുപതു പേർകൈപൊക്കി)

തിങ്കളാഴ്ച കൂടണമെന്നുള്ളതിനു ഭൂരിപക്ഷമുള്ളതിനാൽ തിങ്കളാഴ്ച അതായതു ഏപ്രിൽ പന്ത്രണ്ടാം കാലത്തു് പത്തു മണിക്കു് സഭ വീണ്ടും കൂടുന്നതാണു്. ഇനിയുള്ള ചർച്ചകൾ അന്നാകാം.

The House adjourned at 4—55 p. m. to meet again at 11 a. m. on 12th April 1948.

V. KRISHNAMOORTHI AIYAR.
Secretary to the Representative Body.

LIBRARY ARCHIVES Kerala Legislative Assembly